# ദി ഡിഫെൻഡർ

Vol. No. 9 Issue No. 6 RNI Reg. No. 68089 / 97 Published From Perumbavoor 2006 MARCH 16


## ടി.ജെ.ശമുവേൽ തട്ടിപ്പുകാരനോ?

അസംബ്ലീസ് ഓഫ് ഗോഡിന്റെ നേതാവായ ടി.ജെ.ശമുവേൽ തട്ടിപ്പുകാരനാണോ? ആണെന്ന് സംശയിക്കത്തക്ക നടപടികളാണ് ഈയിടെയായി ഇദ്ദേഹം കൈക്കൊള്ളുന്നത്. ടി.ജെ.ശമുവേൽ ഒന്നാംതരം അഹങ്കാരിയും അധികാരമോഹിയും ദ്രവ്യാഗ്രഹിയും ഒക്കെ ആണെന്ന് അറിഞ്ഞിരുന്നെങ്കിലും തട്ടിപ്പുകാരനാണെന്ന് കരുതിയിരുന്നില്ല. രണ്ടു വർഷം മുൻപ് അസംബ്ലീസ് ഓഫ് ഗോഡിനുവേണ്ടി അച്ചടിപ്പിച്ച പാട്ടുപുസ്തകത്തിന്റെ അച്ചടിക്കൂലി കൊടുക്കാതെ പ്രസ്സുകാരെ കബളിപ്പിച്ചതാണ് ഇപ്പോൾ പ്രശ്നമായിരിക്കുന്നത്. സഭയ്ക്കുവേണ്ടി 5000 പാട്ടുപുസ്തകങ്ങളാണ് ടി.ജെ.ശമുവേൽ അച്ചടിപ്പിച്ചത്.

200 പുസ്തകം കുറവുണ്ട് എന്ന് കള്ളം പറഞ്ഞ് തടിതപ്പാൻ ഒരു ശ്രമം ടി.ജെ.ശമുവേൽ നടത്തിയെങ്കിലും വിജയിച്ചില്ല. പ്രസ്സുകാരുടെ സാന്നിദ്ധ്യത്തിൽ പുസ്തകങ്ങൾ വീണ്ടും എണ്ണിയപ്പോൾ മറ്റൊരു മുറിയിൽ ഒളിച്ചു വെച്ചിരുന്ന പുസ്തകങ്ങൾ കണ്ടെത്തുകയായിരുന്നു.

പുസ്തകം അടിച്ചു കൊടുത്തിട്ട് രണ്ടു വർഷം കഴിഞ്ഞിട്ടും അച്ചടിക്കൂലി വകയിൽ കൊടുക്കാനുള്ള ഒരുലക്ഷത്തോളം രൂപ കൊടുത്തിട്ടില്ല. എന്ന് കൊടുക്കുമെന്ന് പറഞ്ഞിട്ടുമില്ല. പണം കിട്ടിയേ മതിയാകൂ എന്ന് പ്രസ്സുകാർ ശാഠ്യം പിടിച്ചതോടെ അവരെ കള്ളക്കേസ്സിൽ കുടുക്കാൻ ടി.ജെ.ശമുവേൽ പദ്ധതിയിടുന്നതായി അറിയാൻ കഴിഞ്ഞു.

## സി.ഡി. വിദേശത്തേക്കും അയയ്ക്കും

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ ആറാമത്തേതിന്റെ റിക്കാഡിംഗ് പൂർത്തിയായി. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയമാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്. പണം അടച്ചവർക്ക് അഞ്ചും ആറും സി.ഡികൾ അയച്ചുകൊണ്ടിരിക്കുന്നു. (പ്രധാന ലോക മതങ്ങളേക്കുറിച്ചുള്ള പഠനങ്ങളാണ് അഞ്ചാമത്തെ സി.ഡിയിൽ ഉള്ളത്).

അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് നാലാമത്തെ സി.ഡിയിൽ പഠിക്കുന്നത്.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ആറു സി.ഡികൾക്ക് 600 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

### വിദേശത്തുള്ളവരുടെ ശ്രദ്ധയ്ക്ക്

സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നത് വലിയ ചെലവുള്ള കാര്യമായതുകൊണ്ട് ഇതുവരെ ഈ സി.ഡികൾ വിദേശത്തേക്ക് അയച്ചിരുന്നില്ല. എന്നാൽ വിദേശത്തുള്ള സഹോദരങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് സി.ഡികൾ ഇനി സൗദി ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിരിക്കയാണ്.

<u>വില: (പോസ്റ്റേജ് അടക്കം)</u>

ആദ്യത്തെ 5 സി.ഡി. (50 ക്ലാസ്സ്, 60 മണിക്കൂർ)–ഗൾഫ്: Rs.1500
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 50 (30 പൗണ്ട്)

10 സി.ഡിയുടെ ഒരു സെറ്റ് (100 ക്ലാസ്സ്, 120 മണിക്കൂർ)
– ഗൾഫ്: 3000 രൂപ.
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 100 (60 പൗണ്ട്)
(10 സി.ഡി. വാങ്ങുന്നവർക്ക് അഞ്ച് സി.ഡികൾ ഉടൻ അയയ്ക്കും. ബാക്കിയുള്ള അഞ്ചെണ്ണം രണ്ടു മാസം കഴിഞ്ഞ് അയയ്ക്കും)

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ – 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

## അനാഥശാലയുടെ പേരിൽ ലക്ഷങ്ങളുടെ വെട്ടിപ്പ്



സന്തോഷ് പി. ചാക്കോ

അനാഥശാലയുടെ പേരുപറഞ്ഞ് ഗൾഫിലുള്ള പലരിൽ നിന്നായി ലക്ഷങ്ങൾ തട്ടിയെടുത്ത് സന്തോഷ് പി. ചാക്കോ എന്ന വിരുതൻ മുങ്ങിയതായി വിവരം ലഭിച്ചിരിക്കുന്നു. കോട്ടയം ജില്ലയിലുള്ള പാമ്പാടിയിൽ കൺസേൺ ചിൽഡ്രൺസ് മിനിസ്ട്രി എന്ന പേരിൽ അനാഥശാല നടത്തുകയാണ് ഈ ചങ്ങാതി.

ഉലകം ചുറ്റുന്നത് പതിവാക്കിയ സന്തോഷ് കഴിഞ്ഞ നവംബറിൽ യു.എ.ഇ.യിൽ എത്തി. രണ്ടു മാസം താമസിക്കാൻ 700 ദർഹം വാടക സമ്മതിച്ച് ബെഡ് സ്പേസ് എടുത്തു. ഒടുവിൽ 150 രൂപ മാത്രം കൊടുത്തിട്ട് സ്ഥലം വിട്ടു.

കൂടെ താമസിച്ചിരുന്ന ചില സഹോദരൻമാർ വളരെ കഷ്ടപ്പെട്ട് ഉണ്ടാക്കിയ പണം ഉപയോഗിച്ച് ഒരു കമ്പനി തുടങ്ങാൻ ഉദ്ദേശിക്കുന്നതറിഞ്ഞ് സന്തോഷ് സഹായ വാഗ്ദാനവുമായി അടുത്തുകൂടി. സ്പോൺസർക്ക് കൊടുക്കാനെന്നു പറഞ്ഞ് 11,000 ദർഹം വാങ്ങി. മറ്റു ചെലവുകൾക്കായി 8,500 ദർഹവും വാങ്ങി. പാസ്റ്ററും പ്രവാചകനുമായ സന്തോഷ് പറയുന്നത് ആ സാധുക്കൾ വിശ്വസിച്ചുപോയി. പക്ഷേ തങ്ങൾ ചതിക്കപ്പെടുകയായിരുന്നു എന്ന് അവർ അറിഞ്ഞത് വളരെ താമസിച്ചാണ്. കൊടുത്ത പണം അത്രയും പോക്കറ്റിലാക്കി സന്തോഷ് മുങ്ങി.

പ്രവചനം കേൾക്കാൻ എത്തുന്ന സഹോദരിമാരെ വശീകരിക്കാനുള്ള ശ്രമവും സന്തോഷ് നടത്തുക പതിവാണ്. ഇയാൾ വിവാഹിതനാണെങ്കിലും (ആലീസ് എന്നാണ് ഭാര്യയുടെ പേര്) താൻ അവിവാഹിതനാണെന്നാണ് പറയുക. വിവാഹ വാഗ്ദാനം നൽകി ചില സ്ത്രീകളെ ചൂഷണം ചെയ്യാൻ ഇയാൾ ശ്രമിച്ചിട്ടുമുണ്ട്. ഒരു പാസ്റ്ററുടെ ഭാര്യയോട് അപമര്യാദയായി പെരുമാറാൻ ശ്രമിച്ച് പരാജയപ്പെട്ടതോടെയാണ് ഇയാൾ കഴിഞ്ഞ ഡിസംബറിൽ യു.എ.ഇ. വിട്ടത്. കമ്പനിയുടെ പേരുപറഞ്ഞ് കബളിപ്പിച്ചതു കൂടാതെ പലരേയും കബളിപ്പിച്ചാണ് ഇയാൾ സ്ഥലം വിട്ടതെന്ന് ഏറെ താമസിയാതെ വ്യക്തമായി.

വിസ ശരിയാക്കി കൊടുക്കാമെന്നു പറഞ്ഞ് തിരുവനന്തപുരത്തുള്ള ഒരു പാസ്റ്ററിൽ നിന്ന് 50,000 രൂപ സന്തോഷ് തട്ടിയെടുത്തു. ആ പാസ്റ്ററുടെ ഒരു ബന്ധുവിനേയും ഇയാൾ കബളിപ്പിച്ചു. എരുമേലി, കൊല്ലം തുടങ്ങിയ സ്ഥലങ്ങളിലുള്ള ചിലരേയും സന്തോഷ് കബളിപ്പിച്ചിട്ടുണ്ട്.

ദ്രവ്യാഗ്രഹം കലശലായപ്പോൾ സന്തോഷ് വീണ്ടും ഫെബ്രുവരി 8ന്, അതീവ രഹസ്യമായി യു.എ.ഇ.യിൽ എത്തി. പക്ഷേ രഹസ്യം എങ്ങനെയോ ചോർന്നു. തട്ടിപ്പിന് ഇരയായവർ സന്തോഷിനെ തേടിപ്പിടിച്ചു. ഇത്തവണ രക്ഷപ്പെടാൻ ആവില്ലെന്ന് ബോദ്ധ്യമായപ്പോൾ സന്തോഷ് അടവ് മാറ്റി. തന്റെ തെറ്റുകളെല്ലാം പൊറുക്കണമെന്നും കബളിപ്പിച്ചെടുത്ത പണം മടക്കി കൊടുക്കാമെന്നും സമ്മതിച്ചു. അതനുസരിച്ച് ഒരു എഗ്രിമെന്റ് എഴുതി കൊടുത്തു. കൂടാതെ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പാമ്പാടി ശാഖയുടെ 613113 നമ്പറായുള്ള ചെക്കും കൊടുത്തു. (സന്തോഷ് പി. ചാക്കോയുടെ അക്കൗണ്ട് നമ്പർ: 57014515413). കബളിപ്പിച്ച് തട്ടിയെടുത്ത 15,580 ദർഹം 2006 മാർച്ച് 30ന് അകമായി ദർഹമായോ രൂപയായോ മടക്കി കൊടുത്തുകൊള്ളാം എന്നാണ് എഗ്രിമെന്റിൽ പറയുന്നത്.

ദുർന്നടപ്പ്, സാമ്പത്തിക വെട്ടിപ്പ്, കള്ളപ്രവചനം തുടങ്ങിയവയുമായി ഊരുചുറ്റുന്ന സന്തോഷിനേപ്പോലുള്ളവരാണ് യഥാർത്ഥ ദൈവദാസൻമാരുടെ വില കളയുന്നത്. ഇത്തരക്കാർക്കെതിരെ പ്രതികരിക്കാൻ ഡിഫെൻഡർ ഒഴികെ ഒരു പെന്തക്കോസ്ത് പത്രവും തയ്യാറാകുന്നില്ല. അതുകൊണ്ട് ഇത്തരം തട്ടിപ്പുകാരെ തിരിച്ചറിയാൻ സാധാരണക്കാരായ വിശ്വാസികൾക്ക് കഴിയാതെ പോകുന്നു. പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് കൊടുക്കുക എന്നത് പത്രധർമ്മത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഈ പ്രശ്നം അർഹിക്കുന്ന ഗൗരവ ത്തിൽ എടുക്കാനും പരിഹാരം കണ്ടെത്താനും സഭാനേതാക്കൻമാരും പെന്തക്കോസ്ത് പത്രങ്ങളും തയ്യാറാകണം.

## മത്തായിക്കുട്ടി പഴയപാമ്പ്

മത്തായിക്കുട്ടിയെന്ന സോദോമ്യൻ കലാപരിപാടി തുടങ്ങിയിട്ട് കാലം കുറെ ആയി എന്ന് വിവിധ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. മത്തായിക്കുട്ടിയേക്കുറിച്ച് ഡിഫെൻഡറിൽ വന്ന വാർത്ത കണ്ട് നിരവധി ആളുകൾ ഡിഫെൻഡറിന്റെ ഓഫീസിൽ വിളിച്ച് തങ്ങൾക്കുണ്ടായ അനുഭവങ്ങൾ അറിയിക്കയുണ്ടായി. പ്രവചനത്തിന്റെ മറവിൽ മത്തായിക്കുട്ടി നിരവധി വർഷങ്ങളായി പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങൾ പൊടിപൊടിക്കയായിരുന്നു.

പൂവത്തൂരിന് (പുല്ലാട്) സമീപമുള്ള ഒരു ഏ.ജി. സഭയിലെ പാസ്റ്ററാണ് ഈ നീചൻ. ഒരു വിശ്വാസിപോലും ആയിരിക്കാൻ യോഗ്യതയില്ലാത്ത മത്തായിക്കുട്ടി എങ്ങനെ പാസ്റ്ററായി? ആ കഥ പിന്നീട് പറയാം. അസംബ്ലീസ് ഓഫ് ഗോഡിലെ ഭൂരിപക്ഷം നേതാക്കൻമാരും പാസ്റ്റർമാരും ആത്മീയരാണ്. (ടി.ജെ.ശമുവേലിനേപ്പോലുള്ള ഏതാനും കള്ളൻമാരുമുണ്ട്). പക്ഷേ മത്തായിക്കുട്ടിയേപ്പോലുള്ള നീചൻമാർ മറ്റു പാസ്റ്റർമാർക്കുകൂടി അപമാനം വരുത്തിവെയ്ക്കുന്നു.

ദൈവം നികൃഷ്ടബുദ്ധിക്ക് ഏല്പിച്ചുകൊടുത്തവരാണ് സോദോമ്യപാപം ചെയ്യുന്നത് എന്ന് ദൈവവചനം വ്യക്തമാക്കുന്നുണ്ട്. ദൈവാത്മാവുള്ള ആർക്കും ഇത്തരം ഹീനകൃത്യം ചെയ്യാനാവില്ല. പ്രകൃതിവിരുദ്ധൻമാരിൽ ദുരാത്മാവാണ് പ്രവർത്തിക്കുന്നത്. ഇവരുമായി ബന്ധപ്പെടുന്നവരേയും ഈ അശുദ്ധാത്മാവ് ബാധിക്കും. പ്രവാചകനാണെന്നു പറഞ്ഞ് ഊരുചുറ്റുന്ന മത്തായിക്കുട്ടി എത്രത്തോളം അപകടകാരിയാണെന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ.

പ്രകൃതിവിരുദ്ധനായ ബിജു ഐസക് എന്ന പാസ്റ്ററെ വിശുദ്ധനായി പ്രഖ്യാപിക്കാൻ ടി.എസ്.ഏബ്രഹാമിന് മടിയുണ്ടായില്ല. ഈ ദുഷ്ടനെ എതിർത്ത പാസ്റ്ററെ ഐ.പി.സിയിൽ നിന്നും പുറത്താക്കുകയും ചെയ്തു. പെന്തക്കോസ്ത് സഭകൾ എത്രത്തോളം അധ:പതിച്ചിരിക്കുന്നു എന്ന് ഈ സംഭവം തെളിയിക്കുന്നു.

സുരേഷ് ബാബുവെന്ന ഇന്റർനാഷണൽ കള്ളനെതിരെ നടപടി എടുക്കാൻ ഏ.ജി. നേതൃത്വത്തിന് ധൈര്യമുണ്ടായില്ല. സുരേഷിന്റെ പിമ്പായി പി.എസ്. ഫിലിപ്പ് അധ:പതിച്ചിരുന്നു. ആത്മീയതയുടെ പേരിൽ കോക്കാംപീച്ചികൾ കാണിക്കുന്ന ടി.ജെ. ശമുവേലാണ് ഇപ്പോൾ ഏ.ജിയുടെ തലപ്പത്തിരിക്കുന്നത്. അതുകൊണ്ട് മത്തായിക്കുട്ടിക്കെതിരെ എന്തെങ്കിലും നടപടി ഉണ്ടാകുമോ എന്ന് സംശയമാണ്. എങ്കിലും മത്തായിക്കുട്ടിയേപ്പോലുള്ളവർക്കെതിരെ പ്രതികരിക്കാതിരിക്കാൻ ഡിഫെൻഡറിന് കഴിയില്ല.

ദി ഡിഫെൻഡർ

Vol. No.9 Issue No. 6 2006 March 16

# സമരം യുദ്ധമായാൽ

സമരം എന്ന വാക്കിന് യുദ്ധം എന്നാണ് അർത്ഥം. പക്ഷേ ഇന്ന് അല്പം വ്യത്യസ്തമായ അർത്ഥത്തിലാണ് സമരം എന്ന വാക്ക് ഉപയോഗിക്കുന്നത്. സമാധാനപരമായ പോരാട്ടമാണ് സമരം. യുദ്ധം സായുധ സമരമാണ്.

അനീതിക്കെതിരെ സമാധാനപരമായ സമരം ചെയ്യാൻ ജനാധിപത്യരാഷ്ട്രമായ ഇന്ത്യയിൽ സ്വാതന്ത്ര്യമുണ്ട്. പക്ഷേ യുദ്ധം ചെയ്യാൻ ആർക്കും അവകാശമില്ല. എന്നാൽ അടുത്ത കാലത്തായി സമരങ്ങൾ യുദ്ധങ്ങളായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. മുദ്രാവാക്യം വിളിക്കുന്നതും കോലം കത്തിക്കുന്നതും മറ്റും സാധാരണ സംഭവങ്ങളാണ്. പക്ഷേ കല്ലേറിൽ തുടങ്ങി ബോംബേറിലെത്തുന്ന സമരങ്ങൾ ആരു ചെയ്താലും, അത് എന്തിനുവേണ്ടിയായാലും ന്യായീകരിക്കാനാവില്ല.

എസ്.എസ്.എൽ.സി. ചോദ്യ പേപ്പർ കഴിഞ്ഞവർഷം ചോർന്നു. അതു സംബന്ധിച്ചുള്ള അന്വേഷണങ്ങൾ ഇപ്പോഴും ഇഴഞ്ഞു നീങ്ങുന്നു. പക്ഷേ ഇക്കൊല്ലത്തെ പരീക്ഷ കുറ്റമറ്റതാക്കാൻ സർക്കാർ ശ്രമിച്ചിരുന്നു എന്നത് നേര്. പക്ഷേ അശ്രദ്ധകൊണ്ട് ചില പാകപ്പിഴകൾ പറ്റി. അത് ഒഴിവാക്കേണ്ടതായിരുന്നു എന്നതിന് രണ്ടു പക്ഷമില്ല. ശ്രദ്ധിച്ചാൽ ഒഴിവാക്കാമായിരുന്ന തെറ്റായിരുന്നു അത്. എന്നാൽ ചോദ്യ പേപ്പർ ചോർന്നില്ല. ചോർന്നതായി ആരോപണംപോലുമില്ല. പിന്നെന്തിനായിരുന്നു ഈ സമര കോലാഹലങ്ങൾ?

ചോദ്യ പേപ്പർ ചോർന്നില്ല എന്ന് ഉറപ്പാക്കാൻ ആവശ്യപ്പെട്ടായിരുന്നു സമരമെങ്കിൽ തെറ്റില്ല. പക്ഷേ സമരം അക്രമാസക്തമാകേണ്ട കാര്യമില്ല. പെട്രോൾ ബോംബ് എറിയുന്നിടം വരെ എത്താനേ പാടില്ലായിരുന്നു. വികാരാവേശത്തിൽ ചെയ്തുകൂട്ടുന്ന ഇത്തരം പ്രവൃത്തികൾ ഗുണത്തേക്കാളേറെ ദോഷമേ ചെയ്യുകയുള്ളൂ.

തെരഞ്ഞെടുപ്പു തീയതി വരെ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്ന ഈ സമയത്ത് കിട്ടാവുന്ന വടിയൊക്കെ എടുത്ത് ഭരണപക്ഷത്തെ അടിക്കാൻ പ്രതിപക്ഷം ശ്രമിക്കും. അതുകൊണ്ട് ഭരണപക്ഷം ഓരോ ചുവടും സൂക്ഷിച്ചു വെയ്ക്കണം. പക്ഷേ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിശ്വാസ്യത തകർക്കുന്ന രീതിയിലുള്ള സമരങ്ങൾ നടത്തിയാൽ അത് ലോകം അറിയും. കേരളത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾക്ക് കടലാസ് വില പോലും ഇല്ലാതാകും. ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് അത് വഴിവെയ്ക്കും. താത്ക്കാലികമായ രാഷ്ട്രീയ നേട്ടങ്ങൾക്കായി ഉണ്ടാക്കുന്ന ഇത്തരം ബഹളങ്ങൾ വരും തലമുറയുടെ ഭാവി ഇരുളടഞ്ഞതാക്കും. അതുകൊണ്ട് പൊതുജനപ്രതിബദ്ധതയുള്ള ഒരു രാഷ്ട്രീയ പാർട്ടിയും എസ്.എസ്.എൽ.സി. പരീക്ഷയുടെ വിശ്വാസ്യത തകർക്കുന്ന വിധത്തിലുള്ള സമരങ്ങൾക്ക് നേതൃത്വം കൊടുക്കരുത്. സമരം യുദ്ധമാകുന്നത് ഒഴിവാക്കാനും ശ്രദ്ധിക്കണം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

 റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

കേരളത്തിലെ സകലമാന രാഷ്ട്രീയ പാർട്ടികൾക്കും ഞെട്ടലുണ്ടാക്കിക്കൊണ്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പു തീയതികൾ പ്രഖ്യാപിച്ചു. സംഗതി ഒന്നാംതരം ആയിരിക്കുന്നു എന്ന് പറയാതെവയ്യ. നിഷ്പക്ഷത എന്നാൽ ഇതാണ്.

ഉർവ്വശീശാപം ഉപകാരം എന്നു പറഞ്ഞതുപോലെ തെരഞ്ഞെടുപ്പ് പ്രഖ്യാപനം സർക്കാരിന് ഉപകാരമായി. ശമ്പള പരിഷ്ക്കരണം നടത്താൻ പണം കണ്ടെത്താനാകാതെ വിഷമിച്ചിരുന്ന ഉമ്മൻ ചാണ്ടിക്ക് ഇനി ആ കാര്യം ഓർത്ത് വിഷമിക്കേണ്ടതില്ല. തലവേദന മുഴുവൻ ഇനി വരുന്ന സർക്കാർ ഏറ്റെടുത്തുകൊള്ളും.

ഉമ്മൻ കോൺഗ്രസ്സ്, അവശിഷ്ട യു.ഡി.എഫ്. എന്നിങ്ങനെ രണ്ടു പുതിയ പ്രയോഗങ്ങൾ ഒരു വർഷത്തോളം മുൻപ് കേരളത്തിൽ ഉത്ഭവിക്കുകയും ഏതാനും ദിവസം മുൻപ് അപ്രത്യക്ഷമാകുകയും ചെയ്തു. ലീഡറും കൂട്ടരും കോൺഗ്രസ്സ് വീട് സ്വന്തം പാർട്ടി ഉണ്ടാക്കിയപ്പോഴാണ് കോൺഗ്രസ്സ് ഉമ്മൻ വക ആയത്. ലീഡറും കൂട്ടരും ഇല്ലാത്ത യു.ഡി.എഫ്. അവശിഷ്ടവുമായി. പക്ഷേ പുറത്തു പോയവർ ഇപ്പോഴും പുറത്തുതന്നെയാണെങ്കിലും ഉമ്മനും അവശിഷ്ടവും അപ്രത്യക്ഷമായിരിക്കുന്നു. എന്തൊരു മറിമായം.

മോരില്ലേൽ ശകലം ഉണ്ടേക്കാം എന്ന ചൊല്ല് നൂറുവട്ടം കേട്ടിട്ടുണ്ടെങ്കിലും അത് തികച്ചും അന്വർത്ഥമായത് ഡി.ഐ.സിയുടെ കാര്യത്തിലാണ്. ഉമ്മൻ കോൺഗ്രസ്സിനും അവശിഷ്ട യു.ഡി.എഫിനും പരമാവധി പ്രഹരം എല്പിക്കുക എന്നത് അവതാരോദ്ദേശ്യമായി പ്രഖ്യാപിച്ച് ജൻമമെടുത്ത ഡി.ഐ.സി. ഇതാ പരിപാടി മാറ്റിയിരിക്കുന്നു. ഇടതുപക്ഷത്തെ, വിശേഷിച്ചും സി.പി. ഐയെ, തറപറ്റിക്കുക എന്നതായിരിക്കുന്നു ഇപ്പോളത്തെ ലക്ഷ്യം. യു.ഡിഎഫിനേക്കൂടി തറപറ്റിക്കണോ എന്ന കാര്യത്തിൽ മാത്രമാണ് സംശയം. അത് 20-ാം തീയതി തീരുമാനിക്കും. ഒരു സംശയം: എൽ.ഡി.എഫിനേയും യു.ഡി.എഫിനേയും തറ പറ്റിച്ചിട്ട് ആരെയാണ് വിജയിപ്പിക്കുക?

ആദർശ രാഷ്ട്രീയത്തിന്റെ കുറ്റിയറ്റു എന്ന് ആരെങ്കിലും കരുതുന്നെങ്കിൽ തെറ്റി. എം.എ. ജോൺ എന്നൊരു ആദർശ ധീരൻ ഈ ഭൂമിമലയാളത്തിൽ അവശേഷിക്കുന്നു. കരുണാകരനെ ഊണിലും ഉറക്കത്തിലും എതിർത്തിരുന്ന ഈ ആദർശ കേസരി കരുണാകരന് പിൻതുണ പ്രഖ്യാപിച്ച് ഡി.ഐ.സിയുടെ വൈസ് പ്രസിഡന്റായപ്പോൾ മാലോകർ അത്ഭുതപ്പെട്ടു എന്നത് നേര്. പക്ഷേ ഉമ്മൻ ചാണ്ടിയുടെ കോൺഗ്രസ്സിനേയും യു.ഡി.എഫിനേയും തകർത്ത് തരിപ്പണമാക്കുക എന്ന ഉദ്ദേശ്യത്തോടെ രൂപീകൃതമായ ഡി.ഐ.സിയിൽ അംഗമായതിൽ എം.എ.ജോണിന് അഭിമാനമേ തോന്നിയുള്ളൂ. അങ്ങനെയിരിക്കുമ്പോഴാണ് ഇടതുപക്ഷം പാലം വലിച്ചത്. അതുകൊണ്ട് പാർട്ടിയുടെ പ്രഖ്യാപിത ലക്ഷ്യം കൈവെടിയാൻ പറ്റുമോ? 140 മണ്ഡലങ്ങളിലും തനിച്ചു മത്സരിക്കാനും ശക്തി തെളിയിക്കാനും ഡി.ഐ.സി. തീരുമാനിച്ചു. പക്ഷേ ഒരു കുഴപ്പം: തനിച്ചു മത്സരിച്ചാൽ ഡി.ഐ.സിയുടെ ശക്തി തെളിയും. (കെട്ടി വെച്ച കാശു പോലും കിട്ടില്ല എന്നു ചുരുക്കം). എന്തുചെയ്യും? ലീഡറും പുത്രനും അവസരത്തിനൊത്ത് ഉയർന്നു. അതോടെ ആദർശധീരനായ എം.എ.ജോൺ കുഴപ്പത്തിലായി. ആദർശം വേണോ പാർട്ടി വേണോ എന്ന് തീരുമാനിക്കേണ്ട സ്ഥിതിയുണ്ടായി. പാർട്ടി ഇല്ലെങ്കിലും ആദർശം മതി എന്ന് എം.എ.ജോൺ തീരുമാനിച്ചു. ഏതായാലും ഈ ആദർശപ്രേമം കൊണ്ട് എന്തെങ്കിലും ഗുണം ഉണ്ടാകുമോ എന്ന് കണ്ടറിയണം.

എം.എ.ജോണിനെ ഡി.ഐ.സിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും പുറത്താക്കിയിരിക്കുന്നു. കാരണം അച്ചടക്ക ലംഘനം. എന്ത് അച്ചടക്ക ലംഘനമാണ് നടത്തിയത്? പരസ്യ പ്രസ്താവന നടത്തി. ഇതിൽപ്പരം ഒരു അച്ചടക്ക ലംഘനമുണ്ടോ? പക്ഷേ ഒരു സംശയം: അലൂമിനിയെ പട്ടേലും മദാമ്മയും ഒക്കെ അച്ചടക്കമുള്ളവരാണോ? പാർട്ടി നേതൃത്വത്തിനെതിരെ റാലി നടത്തുന്നത് അച്ചടക്ക ലംഘനമാണോ? പാർട്ടി സ്ഥാനാർത്ഥിക്കെതിരെ പ്രചരണം നടത്തുന്നത് അച്ചടക്ക നടപടി എടുക്കാൻ പറ്റിയ കാര്യമാണോ? ആണെങ്കിൽ ഇതൊക്കെ നടത്തി കോൺഗ്രസ്സ് വിട്ട് ഡി.ഐ.സി. ഉണ്ടാക്കിയവർക്ക് അച്ചടക്കത്തേക്കുറിച്ചു പറയാൻ എന്തവകാശം? കൊടുത്താൽ കൊല്ലത്തും കിട്ടും എന്ന് ഓർത്താൽ നന്ന്.

എ.കെ.ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ ആരായിരുന്നു പ്രതിപക്ഷ നേതാവ്? വി.എസ്.അച്യുതാനന്ദൻ എന്ന് പറയുന്നവർക്ക് തെറ്റി. പ്രവൃത്തി വെച്ച് വിലയിരുത്തിയാൽ ലീഡർ ആയിരുന്നു പ്രതിപക്ഷ നേതാവ് എന്നതാണ് സത്യം. ഒരു ദിവസം പോലും മന:സമാധാനത്തിന് ഭരിക്കാൻ ലീഡർ അനുവദിച്ചില്ല. അതൊക്കെ പഴയ കഥ. ഒരു ഗതിയും പരഗതിയും ഇല്ലാതെ, വഴിയാധാരമായി നിൽക്കുന്ന ലീഡറെ എങ്ങനെയെങ്കിലും രക്ഷിച്ചേ അടങ്ങൂ എന്ന് ഏറ്റവും അധികം വാശി പിടിക്കുന്നതും ആന്റണി തന്നെ. സത്യം സത്യമായി പറഞ്ഞാൽ ആന്റണിയുടെ ഉള്ളിലിരുപ്പ് പിടികിട്ടുന്നില്ല.

എന്തൊക്കെ ദോഷം പറഞ്ഞാലും ഉമ്മൻ ചാണ്ടിയെ ഒരു കാര്യത്തിൽ അഭിനന്ദിക്കാതെ പറ്റില്ല. ആരെല്ലാം കണ്ണുരുട്ടി കാണിച്ചിട്ടും ഉമ്മൻ ചാണ്ടി ഭയപ്പെടുന്നില്ല. ടി.എം.ജേക്കബ്ബിനേയും ബാലകൃഷ്ണപിള്ളയേയും പുറത്താക്കാൻ ധൈര്യം കാണിച്ചു. എന്തെല്ലാം ഭീഷണിയുണ്ടായിട്ടും അവരെ തിരിച്ചെടുത്തുമില്ല. ഇപ്പോഴിതാ മോരില്ലാതെ ഉണ്ണാൻ തയ്യാറായി ലീഡറും കൂട്ടരും എത്തിയിരിക്കുന്നു. എന്നിട്ടും ഉമ്മൻ ചാണ്ടി ഇളകുന്നില്ല. സോണിയാ ഗാന്ധിയുടെ നേതൃത്വം അംഗീകരിച്ച് വരാൻ പറയുന്നു. നിലവിലുള്ള ഐക്യം തകർക്കാൻ ആരേയും അനുവദിക്കയില്ല എന്ന് പ്രഖ്യാപിക്കയും ചെയ്യുന്നു. ഈ ധൈര്യം തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു.

മറുമലർച്ചി എന്ന തമിഴ് വാക്കിന് മലക്കംമറിച്ചിൽ എന്നാണ് അർത്ഥമെന്ന് ഇപ്പോഴാണ് മനസ്സിലായത്. മറുമലർച്ചി ഡി.എം.കെയ്ക്ക് ഏറ്റവും അധികം ദ്രോഹം ചെയ്ത രാഷ്ട്രീയ നേതാവ് ജയലളിതയാണ്. പക്ഷേ അതേ ജയലളിതയ്ക്ക് എം.ഡി.എം.കെ. ഇതാ സിന്ദാബാദ് വിളിക്കുന്നു. രാഷ്ട്രീയത്തിൽ സ്ഥിരമായ മിത്രങ്ങളോ ശത്രുക്കളോ ഇല്ലെന്നത് സത്യമാണെങ്കിലും ഇവരുടെയൊക്കെ തൊലിക്കട്ടി അപാരം തന്നെ.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്

ബസ്റ്റ് കോംപ്ലക്സ്

കെ.എസ്.ആർ.ടി.സിക്ക് സമീപം

പെരുമ്പാവൂർ. ഫോൺ : 0484-3022356, 9447414608

# ചാനൽ പൊടിപൊടിക്കുന്നു പക്ഷേ കാണാൻ ഭാഗ്യം വേണം

ചവർ ചാനൽ പൊടിപൊടിക്കുന്നു. മാർച്ച് 2ന് പരിപാടി ആരംഭിച്ചു. പക്ഷേ ചാനൽ കാണാൻ അസ്സാധാരണ ഭാഗ്യം വേണമെന്നു മാത്രം.

എന്താണ് പ്രശ്നം എന്ന് ചോദിച്ചേക്കാം. പ്രശ്നമേയുള്ളൂ എന്ന മറുപടിയാണ് പറയാൻ കഴിയുക. ഒന്നാമതായി ചാനൽ ഭൂരിപക്ഷം സ്ഥലങ്ങളിലും ലഭിക്കുന്നില്ല എന്നതുതന്നെ പ്രധാന പ്രശ്നം. മാർച്ച് രണ്ടാം തീയതി മുതൽ തന്നെ തിരുവല്ലയിലും പരിസര പ്രദേശങ്ങളിലും ചാനൽ കാണാൻ കഴിഞ്ഞു. പക്ഷേ മറ്റു സ്ഥലങ്ങളിൽ എത്തിയില്ല. ചില ദിവസങ്ങൾക്കു ശേഷം തിരുവനന്തപുരത്തും മറ്റും ചാനൽ എത്തി. ഇപ്പോഴും പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. ഭൂരിപക്ഷം പ്രദേശങ്ങളിലും ചാനൽ ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല.

എന്തുകൊണ്ടാണ് ചാനൽ കാണാൻ കഴിയാത്തതെന്ന് കെ.സി.ജോണും കൂട്ടരും പറയുന്നില്ല. ഇതൊന്നും അവർ അറിഞ്ഞിട്ടേയില്ല എന്ന ഭാവത്തിൽ ഇരിക്കയാണ്.

ചാനൽ ചലിക്കാൻ തുടങ്ങിയിട്ട് രണ്ടാഴ്ചയായെങ്കിലും നിലവാരമുള്ള ഒരു പ്രോഗ്രാം പോലും നാളിതുവരെ പ്രദർശിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ശതാബ്ദി സമ്മേളനം, കുമ്പനാട് കൺവെൻഷൻ, കെ.സി.ജോണിന്റെ പ്രസംഗം തുടങ്ങിയതൊക്കെയാണ് സ്ഥിരം പരിപാടികൾ. ഇവയോരോന്നും പത്തും പതിനഞ്ചും വട്ടം കാണിച്ചുകഴിഞ്ഞു. ഭക്തികൊണ്ട് ഇരിക്കപ്പൊറുതിയില്ലാത്തവർ വരെ ഇവ കണ്ട് മടുത്തു.

ചാനൽ പരിപാടിയേക്കുറിച്ച് കേൾക്കാൻ തുടങ്ങിയിട്ട് രണ്ടു വർഷമായി. റിക്കാഡിംഗ് തുടങ്ങി എന്ന് വാർത്ത വന്നിട്ട് ഒന്നര വർഷവുമായി. എന്നിട്ടും രണ്ടാഴ്ച കാണിക്കാനുള്ള പ്രോഗ്രാം പോലും തയ്യാറാക്കാൻ കഴിഞ്ഞില്ല. ഇവർ എങ്ങനെയാണാവോ ഈ ചാനൽ നടത്താൻ പോകുന്നത്.

സംപ്രേക്ഷണം നിലവാരമില്ലാത്തതാണ് എന്നതാണ് മറ്റൊരു പ്രശ്നം. ഇതര മലയാളം ചാനലുകളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും മോശം സംപ്രേക്ഷണം ചവർ ചാനലിന്റേതാണ്. ഈ നില തുടർന്നാൽ ഈ ചാനൽ കാണാൻ കെ.സി. ജോണും കുടുംബവും മാത്രമേ ഉണ്ടാകൂ.

ഇങ്ങനെയൊരു ചാനൽ ഉള്ളതായി പത്രക്കാർ ആരും അറിഞ്ഞില്ലെന്നു തോന്നുന്നു. അറുബോറായ ശാലേം ടി.വി. ഉൾപ്പെടെയുള്ള എല്ലാ മലയാളം ചാനലുകളുടേയും പ്രോഗ്രാം പത്രത്തിൽ എല്ലാ ദിവസവും കാണാറുണ്ട്. പക്ഷേ ചവർ ചാനലിന്റെ കാര്യം മാത്രം നാളിതുവരെ കണ്ടിട്ടില്ല. ഇതൊരു ചാനലായി അവർ അംഗീകരിച്ചിട്ടില്ലെന്നു തോന്നുന്നു.

പട്ടത്വ സഭകളിലെ ചില അച്ചൻമാർ ചാനലിൽ പ്രസംഗിച്ചതായി അറിയാൻ കഴിഞ്ഞു. ഈ വഴിക്കാണ് കെ.സി.ജോൺ നീങ്ങുന്നതെങ്കിൽ ഡിഫെൻഡറിന് പണിയുണ്ടാകും എന്നു തീർച്ച. സുവിശേഷപ്രചരണത്തിനെന്നു പറഞ്ഞ് പണം പിരിച്ച് ചാനലുണ്ടാക്കിയിട്ട് ദുരുപദേശ പ്രചരണം നടത്താമെന്ന് കെ.സി. ജോൺ സ്വപ്നംപോലും കാണേണ്ടതില്ല. മറ്റു പത്രക്കാർ കെ.സി. ജോണിന് സ്തുതി പാടിയാലും ഡിഫെൻഡർ ഈ പ്രശ്നം ഗൗരവത്തിൽ തന്നെ എടുക്കും.

അച്ചൻമാർ പ്രസംഗിക്കുന്നത് സുവിശേഷമാണെങ്കിൽ, ആ സുവിശേഷം രക്ഷയ്ക്ക് മതിയായതാണെങ്കിൽ, കെ.സി. ജോൺ ഉൾപ്പെടെയുള്ള പെന്തക്കോസ്തുകാർ എന്തിന് സമുദായക്കാരെ പെന്തക്കോസ്തിൽ ചേർത്തു എന്ന് വ്യക്തമാക്കണം. സമുദായക്കാരുടെ പ്രസംഗവും ക്രിസ്തീയം എന്ന നിലയിൽ സ്വീകാര്യമാണെങ്കിൽ ഐ.പി.സിയുടെ ഭരണഘടനയിൽ പറയുന്ന വിശ്വാസപ്രമാണം ശുദ്ധ ഭോഷ്ക്കാണെന്ന് കെ.സി.ജോൺ സമ്മതിക്കണം. സമുദായത്തിലെ അച്ചൻമാരെ കെ.സി.ജോൺ ദൈവദാസൻമാരായാണ് പരിഗണിക്കുന്നതെങ്കിൽ അത് തുറന്നു പറയണം. അവർ ദൈവദാസൻമാരല്ലെങ്കിൽ അവരുടെ പ്രസംഗം എന്തുകൊണ്ട് സംപ്രേക്ഷണം ചെയ്യുന്നു എന്നും വ്യക്തമാക്കണം. ഞഞ്ഞാപിഞ്ഞ പറഞ്ഞ് തടിതപ്പാമെന്ന് കരുതരുത്.

ചാനൽ ഉദ്ഘാടനം ചെയ്യാൻ മർത്തോമ്മായിലെ വല്യതിരുമേനിയേയും കത്തോലിക്കാ ബിഷപ്പിനേയും വിളിച്ചുകൊണ്ടുവന്നപ്പോൾത്തന്നെ കെ.സി.ജോണിന്റെ പോക്ക് എങ്ങോട്ടാണെന്ന് വ്യക്തമായിരുന്നു. വേർപെട്ട ദൈവമക്കളെ സമുദായത്തിന്റെ കുറ്റിയിൽ വീണ്ടും തളച്ചിടുകയാണ് കെ.സി.ജോണിന്റെ പിന്നിൽ പ്രവർത്തിക്കുന്ന സാത്താന്റെ ലക്ഷ്യം. സമുദായക്കാരും ദൈവമക്കളാണെന്നും അവർ പ്രസംഗിക്കുന്നതും സുവിശേഷമാണെന്നും വരുത്തിത്തീർത്താൽ സമുദായക്കാരോട് പെന്തക്കോസ്തുകാർക്കുള്ള അകൽച്ച മാറും. ഇത് നടന്നുകിട്ടിയാൽ ദൈവമക്കളെ ഇണയില്ലാപ്പിണ കൂട്ടാൻ എളുപ്പമാണ്. അതിനുള്ള വഴിയാണ് സാത്താൻ ഒരുക്കുന്നത്.

കെ.സി.ജോണും കൂട്ടരും ഇപ്പോൾ സാത്താന്റെ പിടിയിലാണ്. വ്യഭിചാരം തുടങ്ങിയ കാലത്തുതന്നെ കെ.സി.ജോൺ ദുരാത്മാവിന്റെ പിടിയിലായി. അനേക സഹോദരിമാരെ ഈ നീചൻ പാപത്തിൽ വീഴ്ത്തി. ഇപ്പോൾ ചാനലിലൂടെ ദൈവമക്കളെ ഒന്നാകെ പാപക്കുഴിയിൽ വീഴ്ത്താൻ ശ്രമിക്കയാണ്. ദൈവമക്കൾ സൂക്ഷിക്കുക. സാത്താന്റെ വഞ്ചനയിൽ അകപ്പെടരുത്.

# കുഴിക്കാല ഒളിവിൽ: കുരിശുയുദ്ധം പ്രതിസന്ധിയിൽ

തിരുവല്ലയിൽ തീയിറക്കിയ ബിഷപ്പിനെ വരുത്തി കുമളിയിൽ നടത്താൻ പദ്ധതിയിട്ടിരുന്ന കുരിശുയുദ്ധം പ്രതിസന്ധിയിലായിരിക്കയാണ്. ബിഷപ്പിനെ കൊണ്ടുവരാമെന്ന് ഏറ്റിരുന്ന സാം കുഴിക്കാല ഒളിവിലായതാണ് പ്രശ്നത്തിന് കാരണം.

കോടിക്കണക്കിനു രൂപ പലരിൽ നിന്നായി തട്ടിയെടുത്തു എന്നാണ് സാം കുഴിക്കാലയേക്കുറിച്ചുള്ള ആരോപണം. കേരളശബ്ദത്തിൽ ഇതേപ്പറ്റി ലേഖനം വരുകയും ചെയ്തിരുന്നു. എങ്കിലും ഈ ആരോപണങ്ങൾ നിഷേധിക്കാനോ എന്തെങ്കിലും വിശദീകരണം നൽകാനോ സാം കുഴിക്കാല തയ്യാറായില്ല. അതുകൊണ്ട് ഈ ആരോപണങ്ങളിൽ കഴമ്പുണ്ട് എന്ന് വ്യക്തമാകുന്നു. ഇത്തരത്തിലൊരാൾ പെന്തക്കോസ്തിന്റെ പ്രതീകമായി അറിയപ്പെടുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും.

സണ്ണി ഇലഞ്ഞിമറ്റം എന്ന വ്യക്തിക്ക് ഷൈൻ ചെയ്യാൻ വേണ്ടിയാണ് കുമളിയിൽ ക്രൂസേഡ് നടത്തുന്നത്. ഒറ്റയ്ക്ക് അത് നടത്താൻ പറ്റാത്തതുകൊണ്ട് ആ പ്രദേശത്തുള്ള പാസ്റ്റർമാരുടെ സഹായം തേടുന്നു എന്നുമാത്രം. ക്രൂസേഡിനുവേണ്ടി അതിവിപുലമായ കമ്മറ്റിയും മറ്റും ഉണ്ടാക്കിയിട്ടുണ്ട്. ഉലകം മുഴുവൻ നടന്ന് പണം പിരിക്കാൻ കമ്മറ്റിയുടെ മറവേണം. ഇത്രയുമൊക്കെ ചെയ്തു കഴിഞ്ഞപ്പോഴാണ് കുഴിക്കാലയുടെ തനിനിറം പുറത്തായത്. അതോടെ ക്രൂസേഡുകാർ കുഴപ്പത്തിലായി.

സാം കുഴിക്കാലയെ വിശ്വസിച്ച് കുമളി ക്രൂസേഡുമായി മുൻപോട്ടു പോകാൻ സണ്ണി ഇലഞ്ഞിമറ്റവും കൂട്ടരും തയ്യാറായാൽ പ്രശ്നം ഗുരുതരമാകും. കുഴിക്കാലയ്ക്ക് ബിഷപ്പിനെ കൊണ്ടുവരാനോ ക്രൂസേഡിൽ പ്രത്യക്ഷപ്പെടാനോ കഴിയില്ലെന്നു വ്യക്തം. അഗ്നിയിറക്കുന്ന ബിഷപ്പ് വരും എന്നു പ്രചരിപ്പിച്ച് ക്രൂസേഡ് ക്രമീകരിച്ചിട്ട് ബിഷപ്പ് എത്തിയില്ലെങ്കിൽ നാട്ടുകാർ അക്ഷരാർത്ഥത്തിൽ തന്നെ അഗ്നി ഇറക്കിയെന്നു വരാം. അതു കൊണ്ട് സണ്ണി ഇലഞ്ഞിമറ്റം സൂക്ഷിക്കുക.

# റോസമ്മ മിണ്ടുന്നില്ല

സത്യം സത്യമായി പറഞ്ഞാൽ റോസമ്മ ഇത്ര പെട്ടെന്ന് കീഴടങ്ങുമെന്ന് കരുതിയിരുന്നില്ല. എന്തെല്ലാം എഴുതിയിട്ടും റോസമ്മയ്ക്ക് പ്രതികരണമില്ല. തെറിയഭിഷേകവും നിർത്തിയിരിക്കുന്നു.

റോസമ്മയുടെ ഭർത്താവായ ബഞ്ചമിൻ എന്ന സാധു മനുഷ്യനെ കുരങ്ങുകളിപ്പിച്ച് കഴിഞ്ഞു കൂടിയിരുന്ന റോസമ്മ സ്വയം സെന്റർ പാസ്റ്റർ ആയി വിലസുകയായിരുന്നു. ആ സെന്ററിലുള്ള പാസ്റ്റർമാരെ ചൊല്പടിക്ക് നിർത്താനും വഴങ്ങാത്തവരെ പരമാവധി ദ്രോഹിക്കാനും റോസമ്മയ്ക്ക് കഴിഞ്ഞിരുന്നു.

സുരേഷ് ബാബുവിനെ കൊണ്ടുവന്ന് യോഗം നടത്തിയാൽ അത്ഭുതം നടക്കുമെന്നും ജനം കൂട്ടമായി റോസമ്മയുടെ സഭയിൽ ചേരുമെന്നും ഒക്കെയായിരുന്നു റോസമ്മയുടെ കണക്കുകൂട്ടൽ. സുരേഷ് വരുകയും പ്രസംഗിക്കയും ചെയ്തു. പക്ഷേ വിശേഷിച്ച് ഒന്നും നടന്നില്ല. കുറെ പണം കളഞ്ഞുകുളിച്ചത് മിച്ചം.

സുരേഷ് വരുന്നതിന്റെ പേരിൽ ഡിഫെൻഡർ ഇത്രത്തോളം ബഹളം കൂട്ടുമെന്ന് റോസമ്മ കരുതിയിരുന്നില്ല. ഡിഫെൻഡറുമായി ടി.എസ്.ബാലൻ യോഗസ്ഥലത്തെത്തുമെന്നും അപ്പോൾ തല്ലി ഓടിക്കാമെന്നുമായിരുന്നു കണക്കുകൂട്ടൽ. പക്ഷേ യോഗം തുടങ്ങുന്നതിനു മുൻപ് ഡിഫെൻഡർ ദേശത്ത് പ്രചരിച്ചു. അത് എങ്ങനെ അവിടെ എത്തി എന്ന് റോസമ്മയ്ക്ക് മനസ്സിലായില്ല. ഏതായാലും ബാലനെ തല്ലാൻ കഴിഞ്ഞില്ല. ഡിഫെൻഡറിലൂടെ പൊതുജനം സത്യം അറിയുകയും ചെയ്തു. ആ നിരാശയാണ് പൂരപ്പാട്ടായി പുറത്തുവന്നത്.

ചീത്ത വിളിച്ച് ബാലനെ ഒതുക്കാമെന്നുള്ള വ്യാമോഹം അസ്തമിച്ചതോടെ റോസമ്മ മൗനവ്രതം സ്വീകരിച്ചു. കുറേക്കാലം മിണ്ടാതിരുന്നാൽ ബാലൻ എല്ലാം മറക്കുമെന്നും അങ്ങനെ രക്ഷപ്പെടാമെന്നുമാണ് കണക്കുകൂട്ടൽ. പക്ഷേ, ഈ പദ്ധതിയും പൊളിയും എന്ന് ഡിഫെൻഡർ റോസമ്മയെ സവിനയം അറിയിക്കട്ടെ.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3022356, 9447414608




# പുസ്തക വിവാദം: ചില വസ്തുതകൾ

അഡ്വ.എം.ജി.മാത്യു എഴുതിയ ഹക്കീക്കത്ത് എന്ന ഹിന്ദി പുസ്തകവുമായി ബന്ധപ്പെട്ട് ഒട്ടേറെ വിവാദങ്ങൾ ഉയർന്നിരിക്കുന്ന സമയമാണിത്. സത്യം എന്തെന്നറിയാതെ പലരും അഭിപ്രായ പ്രകടനങ്ങൾ നടത്തുകയും പക്ഷം പിടിക്കയും ഒക്കെ ചെയ്യുന്നുമുണ്ട്. അതുകൊണ്ട് ഈ വിഷയത്തേക്കുറിച്ച് ചില വസ്തുതകൾ വ്യക്തമാക്കാം.

ഗീതയും ബൈബിളും, മതേതര ഭാരതത്തിന്റെ മതഭ്രാന്ത്, പ്രധാനമന്ത്രിക്ക് ഒരു തുറന്ന കത്ത് തുടങ്ങിയ പുസ്തകങ്ങൾ അഡ്വ.എം.ജി.മാത്യു രചിച്ചിട്ടുണ്ട്. ഗോൾവാർക്കർ (ഗുരുജി) ദശാബ്ദങ്ങൾക്കു മുൻപ് രചിച്ച Bunch of Thoughts എന്ന പുസ്തകത്തിലെ ആശയങ്ങൾക്കു മറുപടിയായി Bunch of Truths എന്നൊരു പുസ്തകവും അഡ്വ. എം.ജി.മാത്യു എഴുതി. ഈ പുസ്തകത്തിന്റെ ഹിന്ദി പരിഭാഷയാണ് ഹക്കീക്കത്ത്.

ആർ.എസ്.എസ്. നേതാവായിരുന്നു ഗുരുജി. അതുകൊണ്ട് അദ്ദേഹം ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും എതിരായി പലതും തന്റെ പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. അതിനുള്ള മറുപടിയാണ് അഡ്വ. എം.ജി.മാത്യു പറയുന്നത്. മതവികാരം വ്രണപ്പെടുത്തുന്ന ഒന്നും ആ പുസ്തകത്തിൽ ഉള്ളതായി അറിവില്ല. പക്ഷേ വ്രണപ്പെട്ടേ അടങ്ങൂ എന്ന് വാശിയുള്ളവർക്ക് വിശേഷിച്ച് ഒരു കാരണവും കൂടാതെ ബഹളം വെയ്ക്കാൻ കഴിയും.

പെരുമ്പാവൂരിൽ താമസിക്കുന്ന അഡ്വ. എം.ജി.മാത്യു എഴുതിയ പുസ്തകവുമായി ബന്ധപ്പെട്ട് രാജസ്ഥാനിലെ കോട്ടയിൽ ബഹളമുണ്ടായതെങ്ങനെ? അതിന്റെ പിന്നിൽ അല്പം ചരിത്രമുണ്ട്.

ഡോ.എം.എ.തോമസ് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ തുടങ്ങിയിട്ട് വളരെക്കാലമായി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ മാനിച്ച് ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ ബഹുമതി നൽകുകയും ചെയ്തിരുന്നു. പത്മശ്രീ ലഭിച്ചതോടെയാണ് അദ്ദേഹം സുവിശേഷ വിരോധികളുടെ നോട്ടപ്പുള്ളിയായത്. സുവിശേഷ പ്രചരണത്തേക്കാളധികം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന വ്യക്തിയാണ് എം.എ.തോമസ്. അതുകൊണ്ട് അദ്ദേഹം മതപരിവർത്തനം നടത്തുന്നു എന്നും പറയാനാവില്ല. ബാപ്റ്റിസ്റ്റുകാരനാണെങ്കിലും ബാപ്റ്റിസ്റ്റ് ഉപദേശത്തിനു നിരക്കാത്ത പലതും അദ്ദേഹം ചെയ്യുന്നുമുണ്ട്. ഏതാനും വർഷം മുൻപ് അദ്ദേഹം ബിഷപ്പായതുതന്നെ നല്ല ഉദാഹരണം.

വസ്തുതകൾ ഇതൊക്കെയാണെങ്കിലും സുവിശേഷ വിരോധികൾ അദ്ദേഹത്തെ ശത്രുവായി കാണുന്നു. എങ്ങനെയെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തടയാൻ അവർ ആവതെല്ലാം ചെയ്യുന്നു. ആണ്ടുതോറും കോട്ടയിൽ നടക്കുന്ന കൺവെൻഷൻ തടയാൻ അവർ ശ്രമിക്കാറുമുണ്ട്. കഴിഞ്ഞവർഷം കൺവെൻഷനിൽ പങ്കെടുക്കാനായി എത്തിയവരെ റെയിൽവേ സ്റ്റേഷനിൽ വച്ചുതന്നെ ആക്രമിക്കയുണ്ടായി. അതിന്റെ തുടർച്ചയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾ.

സുവിശേഷ വിരോധികൾ രണ്ടും കല്പിച്ച് ഇറങ്ങിയിരിക്കയാണെന്ന് കഴിഞ്ഞ വർഷം തന്നെ വ്യക്തമായതാണ്. അതുകൊണ്ട് ഈ വർഷം രാജസ്ഥാനിൽ വെച്ച് കൺവെൻഷൻ നടത്തുന്നത് ഒഴിവാക്കിയിരുന്നെങ്കിൽ ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നു. കൺവെൻഷൻ എന്നത് മതപരിവർത്തനം നടത്താനുള്ള മീറ്റിംഗാണ് എന്നത്രേ സുവിശേഷ വിരോധികൾ ധരിച്ചു വെച്ചിരിക്കുന്നത്. അതുകൊണ്ട് കൺവെൻഷനും അനാവശ്യ പ്രചരണങ്ങളും ഒഴിവാക്കിയാൽ ഒട്ടേറെ പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും.

ഇക്കൊല്ലവും കോട്ടയിൽ വച്ച് കൺവെൻഷൻ നടത്താനാണ് പദ്ധതി എന്ന് വ്യക്തമായതോടെ സുവിശേഷ വിരോധികൾക്ക് കലി കയറി. എങ്ങനെയെങ്കിലും കൺവെൻഷൻ മുടക്കണമെന്ന് അവർ തീരുമാനിച്ചു. തക്ക കാരണം കൂടാതെ കൺവെൻഷൻ മുടക്കാൻ പറ്റില്ലല്ലോ. അതുകൊണ്ട് അവർ ഒരു കാരണം തപ്പി നടന്നു. ഒടുവിൽ കണ്ടെത്തിയത് അക്കീക്കത്താണ്.

അഡ്വ. എം.ജി.മാത്യുവുമായി ഡോ.എം.എ.തോമസിന് എന്തു ബന്ധം? വിശേഷിച്ച് ബന്ധമൊന്നുമില്ല. പക്ഷേ വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ ബന്ധമുണ്ടാക്കാൻ കഴിയും. അത് അവർ ചെയ്തു. അങ്ങനെയാണ് പുസ്തക വിവാദം ഉണ്ടായത്.

അഡ്വ. എം.ജി.മാത്യു തന്റെ പുസ്തകങ്ങളുമായി ഇന്ത്യയൊട്ടുക്ക് സഞ്ചരിക്കയും പുസ്തക വില്പന നടത്തുകയും ചെയ്യുക പതിവാണ്. ഇങ്ങനെ കോട്ടയിലും പുസ്തകങ്ങൾ വിറ്റിട്ടുണ്ട്. ഇത്ര മാത്രമാണ് എം.എ. തോമസും പുസ്തകവും തമ്മിലുള്ള ബന്ധം. പക്ഷേ സുവിശേഷ വിരോധികൾ പറയുന്നത് ഇതല്ല. അക്കീക്കത്ത് എന്ന പുസ്തകം പ്രസിദ്ധീകരിച്ചത് എം.എ. തോമസാണെന്നും അവരുടെ ബുക്ക് സ്റ്റാളിലൂടെയാണ് പുസ്തകം വിതരണം നടത്തുന്നത് എന്നും അവർ പ്രചരിപ്പിക്കുന്നു. ഈ ആരോപണത്തിൽ സത്യത്തിന്റെ കണികപോലുമില്ല. എം.എ.തോമസും അഡ്വ. എം.ജി.മാത്യുവും തമ്മിൽ എടുത്തു പറയത്തക്ക ബന്ധമൊന്നുമില്ല.

ഒരുത്തൻ ഇങ്ങനേയും മറ്റൊരുത്തൻ അങ്ങനേയും ആർത്തു എന്നു പറഞ്ഞതുപോലെ കാര്യമെന്തെന്നറിയാതെ ജനം ഇളകി. പുസ്തകത്തിനെതിരെ കോട്ടയിൽ ഹർത്താൽ വരെ നടന്നു. കോട്ടയിലുള്ള രണ്ടു പോലീസ് സ്റ്റേഷനുകളിൽ കേസ്സുകളുണ്ടായി. ഐ.പി.സി. 153 (എ.) (സമുദായങ്ങളെ തമ്മിലടിപ്പിക്കുക), 295 (എ.) (മതനിന്ദ) എന്നീ വകുപ്പുകൾ അനുസരിച്ചാണ് കേസ്സ്. കോടതിയിൽ നിന്നു മാത്രമേ ജാമ്യം കിട്ടൂ. കുറ്റം തെളിഞ്ഞാൽ മൂന്നു വർഷം വരെ തടവ് കിട്ടാം. കുറ്റം തെളിയാൻ ബുദ്ധിമുട്ടാണ്. കാരണം, ഈ വകുപ്പുകളിൽ പറയുന്ന പ്രശ്നമൊന്നും ആ പുസ്തകത്തിലില്ല. പക്ഷേ അറസ്റ്റ് ചെയ്യപ്പെട്ടാൽ ജാമ്യം കിട്ടാൻ ബുദ്ധിമുട്ടാകും. പോലീസിൽ നിന്നും ജയിൽപ്പുള്ളികളിൽ നിന്നും പീഡനം സഹിക്കേണ്ടതായി വരും. ജാമ്യം കിട്ടിയാലും കേസ്സിന്റെ ആവശ്യങ്ങൾക്ക് പോലീസ് സ്റ്റേഷനിലും കോടതിയിലും മറ്റും പോകുകയും വരുകയും ചെയ്യുമ്പോൾ സുവിശേഷ വിരോധികൾ ആക്രമിച്ചെന്നു വരാം. എം.എ.തോമസിന്റെ തലയ്ക്ക് 11 ലക്ഷം രൂപ ചിലർ വിലയിട്ടുകഴിഞ്ഞു. അഡ്വ.എം.ജി. മാത്യുവിന്റെ തലയ്ക്കും മോശമല്ലാത്ത വില കിട്ടിയേക്കും.

പ്രശ്നം കേന്ദ്രസർക്കാരിന്റേയും മനുഷ്യാവകാശ പ്രവർത്തകരുടേയും ശ്രദ്ധയിൽ കൊണ്ടുവരുകയാണ് ഏക പോംവഴി. ഈ പ്രശ്നം ഒരു ബി.ജെ.പി. അംഗം പാർലമെന്റിൽ ഉന്നയിച്ചത് വിവാദങ്ങൾക്കു കാരണമായി. മാധ്യമശ്രദ്ധ ഈ വിഷയത്തിൽ പതിയാനും ഇതു വഴിവെച്ചു.

അഡ്വ.എം.ജി.മാത്യു ശാരോൻ ഫെലോഷിപ്പിലെ അംഗമാണ്. പക്ഷേ ശാരോൻ നേതാക്കൻമാരാരും അറിഞ്ഞ ഭാവം നടിച്ചിട്ടില്ല. സ്വന്തം കീശ വീർപ്പിക്കാനല്ലാതെ മറ്റൊന്നിനും അവർക്ക് താല്പര്യവുമില്ല. പി.സി.ഐ. ഒരു പ്രസ്താവന നടത്തി കൈകഴുകി. ഇനി രക്ഷ എവിടെനിന്നു വരുമെന്ന് കണ്ടുതന്നെ അറിയണം.

# ഡിഫെൻഡർ മറുപടി പറയുന്നു

? ഒരു കൺവെൻഷൻ സീസൺ കൂടി അവസാനിക്കുകയാണ്. ഈ കൺവെൻഷനുകൾ കൊണ്ട് എന്തു നേട്ടമാണ് ഉണ്ടാകുന്നത്? ഡിഫെൻഡറിന് ഇതേപ്പറ്റി എന്താണ് പറയാനുള്ളത്?

■ ഈ വിഷയത്തേപ്പറ്റി ഡിഫെൻഡർ പലവട്ടം പറഞ്ഞിട്ടുള്ളതാണ്. എങ്കിലും കൺവെൻഷൻ സീസൺ തീരാറായിരിക്കുന്ന ഈ സമയത്ത് തികച്ചും പ്രസക്തമായ ചോദ്യമാണിത്. അതുകൊണ്ട് മറുപടി പറയാം.

കൺവെൻഷനുകൾ കൊണ്ട് ചില ഗുണങ്ങളുണ്ട്. അവ താഴെ കൊടുക്കുന്നു:

1. ആണ്ടുതോറും പെരുന്നാളോ ഉത്സവങ്ങളോ ആഘോഷിക്കുന്ന സമുദായങ്ങളിൽനിന്നും മതങ്ങളിൽ നിന്നും വിശ്വാസത്തിൽ വന്നവരാണ് പെന്തക്കോസ്ത് സഭാംഗങ്ങളിൽ ഭൂരിപക്ഷവും. അവർക്ക് ആണ്ടിലൊരിക്കലെങ്കിലും ഒരു ആഘോഷം നടത്തിയേ കഴിയൂ. പെന്തക്കോസ്ത് സഭകളിൽ നടക്കുന്ന കൺവെൻഷൻ ഇതിന് ഉപകരിക്കുന്നു. സമുദായത്തിൽ പെരുന്നാൾ. ഇവിടെ കൺവെൻഷൻ. രണ്ടും അടിപൊളി.
2. പ്രസംഗം തൊഴിലാക്കിയ കുറെ ആളുകൾ പെന്തക്കോസ്തിലുണ്ട്. കൺവെൻഷനുകൾ ഇല്ലാതായാൽ ഇത്തരക്കാരുടെ കഞ്ഞികുടി മുട്ടും. (കഞ്ഞികുടി എന്നത് ആലങ്കാരികമായി പറഞ്ഞതാണ്. ഇക്കാലത്തെ കൺവെൻഷൻ പ്രസംഗകർ വെറും കഞ്ഞികളോ കഞ്ഞികുടിയൻമാരോ അല്ല. വ്യഭിചാരം, മോഷണം, തട്ടിപ്പ് തുടങ്ങിയവയിലെല്ലാം വിദഗ്ദ്ധരാണ് ഇവരിൽ ഭൂരിപക്ഷവും. ഇത്തരക്കാർക്കാണ് മാർക്കറ്റുള്ളതെന്നും എടുത്തു പറയേണ്ടതുണ്ട്. ഇവർക്ക് കഞ്ഞി കൊടുക്കാൻ തുനിഞ്ഞാൽ എന്തു സംഭവിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളു).
3. ഗായക സംഘങ്ങൾക്കും കൺവെൻഷൻ കൂടാതെ നിലനിൽപ്പില്ല. ചെറുതും വലുതുമായ നിരവധി ഗായക സംഘങ്ങൾ കേരളത്തിലുണ്ട്. കൺവെൻഷൻ കോൺട്രാക്ട് എടുത്ത് നടത്തികൊടുക്കുന്ന വൻകിട സംഘങ്ങൾ മുതൽ പരമ ദയനീയമായ സ്ഥിതിയിലുള്ള ദരിദ്രവാസി സംഘങ്ങൾ വരെ ഈ രംഗത്തുണ്ട്. അവർക്കെല്ലാം അഷ്ടിക്കുള്ള വഹ ഈ കൺവെൻഷനുകളിലൂടെ ലഭിക്കുന്നു.
4. ഉപദേശിമാർക്കും കുറെ വിശ്വാസികൾക്കും ഷൈൻ ചെയ്യാൻ കഴിയുന്നു എന്നതും ഒരു ഗുണം തന്നെ. കൺവെൻഷനുകളിൽ ഭാരവാഹിയും പ്രാർത്ഥനക്കാരനും മറ്റുമായി ഇവർ ഓടി നടക്കുന്നതു കാണാം.
5. ജനറൽ കൺവെൻഷനുകളിൽ പരദൂഷണം, പരിചയം പുതുക്കൽ തുടങ്ങിയ സ്ഥിരം പരിപാടികൾക്കു പുറമെ വണ്ടിക്കച്ചവടം, മൊബൈൽ ഹാന്റ് സെറ്റ് കച്ചവടം, കല്യാണം ആലോചന തുടങ്ങിയവയും നടക്കുന്നു.

ഇത്രയുമൊക്കെയാണ് പ്രധാന ഗുണങ്ങൾ. ഇനി ദോഷവശങ്ങൾ പറയാം.

1. ദൈവനാമം ദുഷിക്കുന്നു എന്നതാണ് ഭൂരിപക്ഷം കൺവെൻഷനുകളും കൊണ്ടുള്ള പ്രധാന ഗുണം. കെ.സി.ജോണിനേപ്പോലുള്ള പ്രസംഗകർ ദൈവനാമത്തിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ കണ്ട് സാമാന്യ ബോധമുള്ളവരെല്ലാം ആർത്തുചിരിക്കുകയാണ്.
2. പ്രസംഗിക്കാൻ എത്തുന്നത് സുരേഷ് ബാബു, കെ.സി. ജോൺ, സാമച്ചൻ തുടങ്ങിയവരേപ്പോലുള്ളവരാണെങ്കിൽ ഒരു കൊച്ചു ലാഭമുണ്ടാകാനുള്ള സാദ്ധ്യയുണ്ട്. ലാഭം ഏതായാലും നല്ലതുതന്നെ എന്നു കരുതുന്നവർക്ക് ഇതും നൻമയായി കണക്കാക്കാൻ ബുദ്ധിമുട്ടുണ്ടാകില്ലെങ്കിലും ചില ആലിന്റെയൊക്കെ തണൽ വേണ്ടെന്നു വയ്ക്കാൻ തയ്യാറുള്ളവർക്ക് ഈ ലാഭവും വേണ്ടെന്നു വെയ്ക്കേണ്ടതായി വരും.
3. ദൈവമക്കളേയും പൊതുജനങ്ങളേയും ഈ കൺവെൻഷൻ പ്രസംഗകർ ദുരുപദേശം പഠിപ്പിച്ച് വഴിതെറ്റിക്കുന്നു എന്നത് അതീവ ഗൗരവമുള്ള പ്രശ്നമാണ്. ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിക്കുന്ന കൺവെൻഷൻ പ്രസംഗകർ വിരളമാണ്. എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കി കൺവെൻഷൻ അനുഗ്രഹപ്രദമാക്കി തീർക്കുന്നവരാണ് ഭൂരിപക്ഷവും. സത്യ സുവിശേഷം കേട്ടാൽ ഉണർവ്വുണ്ടാകുന്നവർ ഏറെയില്ല. അനുഗ്രഹത്തിന്റെ സുവിശേഷം കേട്ടാൽ ഇളകാത്തവരും ഏറെയില്ല. അതുകൊണ്ട് ജനത്തെ ഇളക്കാൻ ഭൂരിപക്ഷം ഉണർവ്വ് പ്രസംഗകരും അനുഗ്രഹത്തിന്റെ സുവിശേഷമെന്ന വ്യാജം പ്രസംഗിക്കുന്നു. കർത്താവ് വാഗ്ദത്തം ചെയ്തിട്ടില്ലാത്തത് നിവൃത്തിയാക്കാനുള്ള ബാധ്യത കർത്താവിനില്ല. അതുകൊണ്ട് അനുഗ്രഹത്തിന്റെ സുവിശേഷം കേട്ട് ഇളകുന്നവർ ഒടുവിൽ നിരാശപ്പെടും.
4. കള്ള നാണയങ്ങൾ നല്ല നാണയങ്ങളെ പുറത്താക്കുന്നു എന്നൊരു സിദ്ധാന്തം സാമ്പത്തിക ശാസ്ത്രത്തിലുണ്ട്. ആത്മീയ രംഗത്തും ഇതുതന്നെ സ്ഥിതി. സുരേഷ് ബാബു, പോൾ ഗോപാലകൃഷ്ണൻ, കെ.സി. ജോൺ, തങ്കു തുടങ്ങിയ വ്യാജൻമാർ യഥാർത്ഥ സുവിശേഷകരെ പുറംതള്ളുന്നു. അപകടകരമായ ഒരു സ്ഥിതിവിശേഷമാണിത്. സത്യ സുവിശേഷം പ്രസംഗിക്കുന്നവരെ ആർക്കും വേണ്ട. ഇതാ വരുന്നു അനുഗ്രഹം എന്നു പറഞ്ഞ് ജനവഞ്ചന നടത്തുന്നവർക്ക് കുശാൽ. ഇതാണ് ഇന്നത്തെ സ്ഥിതി.
5. കള്ളൻമാർ ദൈവദാസൻമാരായി പരിഗണിക്കപ്പെടാൻ ഇടയാകുന്നു എന്നതാണ് മറ്റൊരു ദോഷം. വാചാലമായി പ്രസംഗിക്കാൻ കഴിവുള്ളവരും എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കുന്നവരും ദൈവദാസൻമാരായി പരിഗണിക്കപ്പെടുന്നു. യഥാർത്ഥ ദൈവദാസൻമാർക്ക് അർഹിക്കുന്ന പരിഗണന കൊടുക്കാൻ മിക്കവരും തയ്യാറല്ല.
6. സാധുക്കളായ ദൈവമക്കൾ അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം ഈ കള്ളൻമാർ തട്ടിയെടുക്കുന്നു എന്നത് ഏറ്റവും പ്രധാന ദോഷമാണ്. വ്യഭിചാരം തൊഴിലായി കൊണ്ടു നടക്കുന്ന സുരേഷ് ബാബു, കെ.സി.ജോൺ, സാമച്ചൻ തുടങ്ങിയവർ പണക്കാരായതെങ്ങനെ? സ്വയം അദ്ധ്വാനിച്ച് ഉണ്ടാക്കിയതാണോ? അല്ലെന്ന് വ്യക്തം. ദൈവദാസൻമാരുടെ വേഷം കെട്ടി ഉണ്ടാക്കിയതാണ്. മകന് എം.ബി.ബി.എസ്സിന് അഡ്മിഷൻ ലഭിക്കാനായി കെ.സി. ജോൺ കൈക്കൂലി കൊടുത്ത 23 ലക്ഷം രൂപ ഇങ്ങനെ സമ്പാദിച്ചതാണ്.

ഈ വിധത്തിൽ തട്ടിപ്പ് നടത്താൻ ഇവർക്ക് കഴിഞ്ഞതെങ്ങനെ? കൺവെൻഷനുകളിലൂടെ ഇവർക്കു ലഭിച്ച പ്രസിദ്ധി തന്നെ. കൺവെൻഷനുകൾ ഇല്ലെങ്കിലും യഥാർത്ഥ സുവിശേഷകരെ ജനം അറിയും. കാരണം, അവരുടെ പ്രവർത്തനത്തിന്റെ കേന്ദ്രബിന്ദു കൺവെൻഷനല്ല. പക്ഷേ, അതല്ല വ്യാജ സുവിശേഷകരുടെ സ്ഥിതി. കൺവെൻഷൻ പ്രസംഗം ഒഴികെ ഒരുവിധത്തിലുള്ള സുവിശേഷ വേലയും അവർ ചെയ്യുന്നില്ല. യഥാർത്ഥ സുവിശേഷം എന്തെന്നുതന്നെ ഈ വ്യാജൻമാർക്ക് അറിഞ്ഞുകൂടാ.

കൺവെൻഷനുകൾ ആചാരമായി മാറിക്കൊണ്ടിരിക്കുകയാണ്. ജനറൽ കൺവെൻഷൻ എന്നത് ഒരു പ്രസ്റ്റീജ് ഇഷ്യൂ ആണ്. ബൈബിളിൽ ഉള്ളത് അതേപടി പഠിപ്പിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നവരാണ് പെന്തക്കോസ്തുകാർ എന്നാണ് വെയ്പ്. അതുകൊണ്ട് ചോദിക്കട്ടെ: ബൈബിളിലെ ഏതു വാക്യത്തിലാണ് ജനറൽ കൺവെൻഷനേക്കുറിച്ച് പറയുന്നത്? എവിടെയാണ് സെക്രട്ടറിയും പ്രസിഡന്റും ഉള്ളത്? സെന്റർ പാസ്റ്ററെന്ന മഹാനേക്കുറിച്ച് ബൈബിളിൽ എവിടെയാണ് പരാമർശമുള്ളത്? ഇതിനൊന്നും മറുപടി പറയാൻ പറ്റില്ല. കാരണം, ഇതൊന്നും ബൈബിളിൽ ഉള്ളതല്ല. ഇങ്ങനെ ബൈബിളിൽ ഇല്ലാത്തതൊക്കെ ഉണ്ടാക്കിവെച്ചതിന്റെ ഫലമാണ് വിശ്വാസികൾ ഇപ്പോൾ അനുഭവിക്കുന്നത്.

# ശതാബ്ദി സമ്മേളനത്തിന്റെ ബാക്കിപത്രം

പശു ചത്തു, മോരിലെ പുളിയും പോയി എന്നു പറഞ്ഞതുപോലെ ശതാബ്ദി കഴിഞ്ഞു, അതിന്റെ കോലാഹലവും കെട്ടടങ്ങി, ഇനി അതേപ്പറ്റി എന്താണ് എഴുതാനുള്ളത് എന്ന് ചോദിച്ചേക്കാം. ശതാബ്ദി കഴിഞ്ഞതുകൊണ്ടുമാത്രം പ്രശ്നം അവസാനിക്കുന്നില്ല എന്ന മറുപടിയാണ് ഇതിനു പറയാനുള്ളത്.

ശതാബ്ദിയുടെ കണക്ക് ഇതുവരെ പുറത്തു വിട്ടിട്ടില്ല. ഈ മാസം 18ന് കണക്ക് അവതരിപ്പിക്കുമെന്ന് കേൾക്കുന്നു. അങ്ങനെ ചെയ്താൽ നന്ന്. ഏതായാലും പരിപാടി നഷ്ടത്തിലാണ് കലാശിച്ചതെന്ന് അറിയാൻ കഴിഞ്ഞു. റോജർ ഹോസ്മ നല്ലൊരു തുക നൽകുമെന്ന് സംഘാടകർ പ്രതീക്ഷിച്ചിരുന്നെങ്കിലും ചില്ലിക്കാശ് കിട്ടിയില്ലെന്നാണ് അറിയുന്നത്. കടം ഉണ്ടാകുവാൻ ഇതാണ് കാരണമെന്നും കേൾക്കുന്നു. ഏതായാലും കണക്ക് വെളിയിൽ വരട്ടെ. അതു കഴിഞ്ഞ് ഇതേപ്പറ്റി കൂടുതൽ വിവരങ്ങൾ പറയാം.

ശതാബ്ദിയുടെ തലപ്പത്ത് സാം കുഴിക്കാല ഉണ്ടായിരുന്നു. സാമിന്റെ കഴിവുകൊണ്ടാണ് എല്ലാം നന്നായി നടന്നത് എന്നുപോലും ചില പത്രങ്ങളിൽ കണ്ടു. പക്ഷേ ശതാബ്ദിയുടെ ചൂട് ആറും മുൻപേ സാമിന്റെ തനിനിറം പുറത്തായി. എത്ര വലിയ ഒരു തട്ടിപ്പുകാരനാണ് സാം കുഴിക്കാല എന്ന് പൊതുജനം അറിഞ്ഞു. അതോടെ ശതാബ്ദിക്കാർ കാറ്റുപോയ ബലൂൺ പോലെ ആയി. ആകെ നാണംകെട്ടു.

ശതാബ്ദി സമ്മേളനം പുതിയ ഉണർവ്വിന് കാരണമാകും എന്ന് സംഘാടകർ കൊട്ടിഘോഷിച്ചിരുന്നു. പക്ഷേ എടുത്തു പറയത്തക്ക ഒരു ചലനവും ഉണ്ടാക്കാതെ സമ്മേളനം കഴിഞ്ഞു. ഒരിടത്തും ഉണർവ്വുണ്ടായതായി അറിവില്ല. അരക്കോടിയോളം രൂപ പൊടിപൊടിച്ചതു മാത്രം ഏക നേട്ടം.

നൂറുകണക്കിന് രോഗസൗഖ്യം ഉണ്ടായി എന്ന് പ്രചരണം ഉണ്ടായിരുന്നു. പക്ഷേ അത്ഭുതം എന്ന് തീർത്തു പറയാവുന്ന ഒരു രോഗശാന്തിപോലും ഉണ്ടായതായി അറിവില്ല. ചിലരുടെയൊക്കെ രോഗം അല്പം കുറഞ്ഞു എന്നാണ് ഇപ്പോൾ പറയുന്നത്. കർത്താവ് രോഗസൗഖ്യം നൽകിയപ്പോൾ അത് പൂർണ്ണമായ സൗഖ്യമായിരുന്നു. 25 ശതമാനവും 50 ശതമാനവും മറ്റും സൗഖ്യം നൽകിയതായി തിരുവചനത്തിൽ കാണുന്നില്ല. യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നേക്കും അനന്യനാണ്. യേശു മാറാത്തവനാണ്. ഇന്നും പൂർണ്ണ സൗഖ്യം നൽകാൻ കഴിവുള്ളവനാണ്. അതുകൊണ്ട് ആർക്കെങ്കിലും അല്പം സൗഖ്യം ലഭിച്ചിട്ടുണ്ടെങ്കിൽ അത് കർത്താവായ യേശുക്രിസ്തു നൽകിയതല്ലെന്ന് തീർത്തു പറയാം.

ചിലർക്കൊക്കെ ഷൈൻ ചെയ്യാൻ വേണ്ടി തട്ടിക്കൂട്ടിയ പരിപാടിയായിരുന്നു ശതാബ്ദിയെന്ന ഭോഷ്ക്ക്. അതുകൊണ്ട് ദൈവനാമം അവിടെ മഹത്വപ്പെട്ടില്ല. ആത്മീയമായി ഒരു ചലനവും ഇതുമൂലം ഉണ്ടായതുമില്ല.

# മുരിങ്ങൂർ പ്രശ്നം: പെന്തക്കോസ്ത് നേതാക്കൻമാരും സൂക്ഷിക്കുക

മുരിങ്ങൂർ ധ്യാനകേന്ദ്രത്തേക്കുറിച്ച് ഉയർന്ന ആരോപണങ്ങളേക്കുറിച്ച് അന്വേഷിക്കാൻ ഹൈക്കോടതി ഉത്തരവിട്ടിരിക്കയാണ്. വിദേശപ്പണം ദുർവ്വിനിയോഗം ചെയ്യുന്നു, അനാശ്യാസ പ്രവർത്തനങ്ങൾ നടക്കുന്നു, ദുരൂഹ മരണങ്ങൾ ഉണ്ടാകുന്നു തുടങ്ങിയതൊക്കെയാണ് ആരോപണങ്ങൾ.

ഇതൊക്കെ മുരിങ്ങൂരിൽ നടക്കുന്നുണ്ടോ എന്ന് അറിഞ്ഞുകൂടാ. ഏതായാലും അന്വേഷിക്കുന്നത് ഉചിതം തന്നെ. ഇങ്ങനെയൊക്കെ നടക്കുന്നുണ്ടെങ്കിൽ നടപടി എടുക്കേണ്ടതുമാണ്.

വിദേശപ്പണത്തിന്റെ ദുർവ്വിനിയോഗം, ദുർന്നടപ്പ് തുടങ്ങിയവ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിൽ നടക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. പെന്തക്കോസ്ത് നേതാക്കൻമാർ പണക്കാരായത് വെട്ടിപ്പും തട്ടിപ്പും ഒക്കെ നടത്തിയാണെന്നും നമുക്കറിയാം. മുരിങ്ങൂരിൽ നടക്കുന്നതായി പറയപ്പെടുന്ന ഹീനകൃത്യങ്ങളുടെ പതിൻമടങ്ങ് പെന്തക്കോസ്തിൽ നടക്കുന്നുണ്ട്.

ഏറ്റവും വലിയ ക്രൈസ്തവ സംഘടനയായ കത്തോലിക്കാ സഭയുടെ കീഴിലുള്ള മുരിങ്ങൂരിലെ പ്രശ്നങ്ങളേക്കുറിച്ച് അന്വേഷണം നടത്താൻ കോടതി ഉത്തരവിടുമെങ്കിൽ അംഗസംഖ്യ വളരെ കുറവുള്ള പെന്തക്കോസ്ത് സംഘടനകളുടെ നേതാക്കൻമാർ നിയമത്തിന്റെ കൈകളിൽ നിന്നും രക്ഷപ്പെടുമെന്ന് കരുതേണ്ടതില്ല. നിയമം അറിയാവുന്ന ആരെങ്കിലും തുനിഞ്ഞിറങ്ങിയാൽ പെന്തക്കോസ്ത് നേതാക്കൻമാർ കുടുങ്ങുമെന്ന് തീർച്ച.

# പി.വൈ.പി.എ. മാമാങ്കം ഈയാഴ്ച

ഹെബ്രോൻ പുരത്ത് ഈയാഴ്ച മറ്റൊരു പൂരം നടക്കും. പി.വൈ.പി.എ. ഇലക്ഷൻ എന്ന പൂരം. തൃശൂർ പൂരത്തിന് സാമ്പിൾ വെടിക്കെട്ട് നടത്തുന്നതുപോലെ, ഐ.പി.സി. ഇലക്ഷന് മുൻപായി നടക്കുന്ന മിനി ഇലക്ഷനാണിത്.

ദൈവസഭയുടെ യുവജന പ്രസ്ഥാനത്തേക്കുറിച്ച് ബൈബിളിൽ എവിടെയാണ് പറയുന്നത് എന്ന് ഇതുവരെ കണ്ടെത്തിയിട്ടില്ല. എങ്കിലും എല്ലാ പെന്തക്കോസ്ത് സഭയ്ക്കും യുവജന പ്രസ്ഥാനമുണ്ട്. പ്രസ്ഥാനത്തിന് പാരവാഹി ഇല്ലാതെ പറ്റില്ലല്ലോ. ചില പ്രസ്ഥാനങ്ങളിൽ നേതാവിന്റെ മകനായിരിക്കും യുവജന പ്രസ്ഥാനത്തിന്റെ പാരവാഹി. സോദരീസമാജത്തിന്റെ തലപ്പത്ത് നേതാവിന്റെ ഭാര്യ. ഐ.പി.സിയിൽ ജനറൽ പി.വൈ.പി.എ. എന്നൊരു സാധനം ഉണ്ടാക്കി വത്സൻ തമ്പുരാനെ അതിന്റെ പ്രസിഡന്റാക്കി വെച്ചിരുന്നു. ഇപ്പോൾ അതേപ്പറ്റി കേൾക്കുന്നതേയില്ല.

ഏതായാലും പി.വൈ.പി.എ. ഇലക്ഷന് ജനറൽ ഇലക്ഷന്റെ ചൂടും ശുഷ്ക്കാന്തിയും ഇല്ല. എങ്കിലും മോശമല്ലാത്ത വീറും വാശിയുമൊക്കെ ഉണ്ട്. ആര് ജയിക്കുമെന്ന് പറയാറായിട്ടില്ല. ജയിക്കുന്നത് ആരായാലും തോൽക്കുന്നത് ദൈവസഭായിരിക്കും. നാറുന്നത് ദൈവനാമമായിരിക്കും.

# അച്ചന്റെ ലേഖനം ഒന്നാംതരം

സങ്കീർത്തനം ദ്വൈവാരികയുടെ ഫെബ്രുവരി 27 ലക്കത്തിൽ കാനം അച്ചൻ എഴുതിയ ലേഖനം ഒന്നാംതരമായി എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ. മൂന്നു പതിറ്റാണ്ടിൽ അധികമായി കാനം അച്ചൻ എഴുതാനും പ്രസംഗിക്കാനും തുടങ്ങിയിട്ട്. ഇന്നും ആ തൂലികയിലെ മഷി ഉണങ്ങിയിട്ടില്ല. ആശയ ദാരിദ്ര്യം ഉണ്ടായിട്ടുമില്ല.

സമൃദ്ധിയുടെ സുവിശേഷം അരങ്ങു വാഴുകയാണ്. ദൈവമക്കളെ നേർവഴിക്കു നടത്താൻ കടപ്പെട്ട നേതാക്കൻമാർ എല്ലാറ്റിനും മൗനാനുവാദം കൊടുക്കുന്നു. പെന്തക്കോസ്ത് പത്രങ്ങളും പ്രതികരിക്കുന്നില്ല. ഡിഫെൻഡർ ഈ ദുരുപദേശത്തിനെതിരെ പോരാടുന്നുണ്ടെങ്കിലും ഡിഫെൻഡർ വായിച്ചാൽ നരകത്തിൽ പോകുമെന്ന് ധരിച്ചുവെച്ചിരിക്കുന്ന വിഡ്ഢികൾ സത്യം കാണാതെ പോകുന്നു.

കാനം അച്ചനേപ്പോലുള്ളവർ എഴുതുകയും പ്രസംഗിക്കുകയും ചെയ്താൽ ജനം ശ്രദ്ധിക്കും. അത് ചലനമുണ്ടാക്കും. അതുകൊണ്ട് കാനം അച്ചൻ ഇനിയും എഴുതണം. തിരുമേനിമാരുമായി ഇണയില്ലാപ്പിണ കൂടുന്ന പെന്തക്കോസ്ത് നേതാക്കൻമാർക്കെതിരെ കാനം അച്ചൻ പ്രതികരിക്കണം. സമൃദ്ധിയുടെ സുവിശേഷം ഉൾപ്പെടെയുള്ള ദുരുപദേശങ്ങൾക്കെതിരെ ഇനിയും എഴുതണം. എതിർപ്പുകളുണ്ടാകുമെങ്കിലും മനംമടുത്തു പോകാതെ, ഉറച്ചു നിൽക്കണം.

# ഏബ്രഹാം ഷാജിയേയും ജോസഫ് ഏബ്രഹാമിനേയും പുറത്താക്കാൻ നീക്കം

ഐ.പി.സി. കേരള സ്റ്റേറ്റ് പ്രസ്ബിറ്ററും പെരുമ്പെട്ടി സഭാശുശ്രൂഷകനുമായ ഏബ്രഹാം ഷാജിയേയും വൈക്കം സെന്റർ പാസ്റ്ററായ ജോസഫ് ഏബ്രഹാമിനേയും ഐ.പി.സിയിൽ നിന്ന് പുറത്താക്കാൻ നീക്കം നടക്കുന്നതായി അറിയുന്നു. കഴിഞ്ഞമാസം കെ.പി.കുര്യന്റെ നേതൃത്വത്തിൽ നടന്ന ഒരു കൺവെൻഷനിൽ ഇവർ പ്രസംഗിച്ചു എന്ന കുറ്റമാണ് ഇവരുടെമേൽ ചുമത്തിയിരിക്കുന്നത്. എന്നാൽ ഐ.പി.സി. ഭരണഘടനയ്ക്ക് വിരുദ്ധമായി നേതാക്കൻമാർ പ്രവർത്തിക്കുന്നതിനെ ഇവർ എതിർത്തതാണ് യഥാർത്ഥപ്രശ്നമെന്ന് കേൾക്കുന്നു.






# നാഗാലാന്റ് സ്മരണകൾ



വർഷാവസാന പരീക്ഷ സമീപിക്കുന്നതോടെ മിക്ക അദ്ധ്യാപകർക്കും സന്തോഷമാകും. അര മാസവും ഒരു മാസവും മറ്റും ട്യൂഷൻ എടുക്കാൻ കുട്ടികൾ കൂട്ടമായെത്തും. മിക്കവരും സ്വന്തം ക്ലാസ് ടീച്ചറിന്റെ അടുക്കലാണ് ട്യൂഷനെടുക്കാനെത്തുക. മിക്ക സ്കൂളിലും ക്ലാസ് ടീച്ചറാണ് റിസൾട്ടുണ്ടാക്കുന്നതെന്നതാണ് ഇതിനു കാരണം. കണക്കും സയൻസും അറിഞ്ഞുകൂടാത്ത അദ്ധ്യാപകർക്ക് പൊതുവെ ട്യൂഷൻ കുറവായിരിക്കും. പക്ഷെ വർഷാവസാനം, ക്ലാസ് ടീച്ചറെന്ന നിലയിൽ ഇവർക്കും നല്ല കോളു കിട്ടും. ട്യൂഷൻ ഫീസിനു പുറമെ പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇറച്ചി തുടങ്ങിയവയും വന്നു ചേരും. അഞ്ഞൂറുരൂപയിലധികം വിലയുള്ള നാഗാഷാൾ പോലും പലർക്കും ലഭിക്കും. ആകെക്കൂടി ചെയ്യേണ്ടത് ഒന്നുമാത്രം: കുട്ടി ജയിക്കണം.

സാനീസിലെ സ്കൂളിൽ ഒരു പഴയ ടൈപ്പ് റൈറ്റർ ഉണ്ടായിരുന്നു. പക്ഷെ ടൈപ്പിസ്റ്റ് ഇല്ലാതിരുന്നതുകൊണ്ട് എല്ലാവരും ചോദ്യങ്ങൾ കാർബൺ പേപ്പർവെച്ച് എഴുതി തയ്യാറാക്കുകയായിരുന്നു പതിവ്. സാനീസിലെത്തിയ കാലത്ത് എനിക്കു ടൈപ്പിംഗ് വശമുണ്ടായിരുന്നില്ല. എന്നാൽ സ്കൂളിലെ ജോലി കഴിഞ്ഞുള്ള സമയം മറ്റൊന്നും ചെയ്യാനില്ലായിരുന്നതുകൊണ്ട് അതു ടൈപ്പിംഗ് പഠിക്കാനായി വിനിയോഗിക്കാമെന്നു തീരുമാനിച്ചു. കീ ബോർഡിൽ അക്ഷരങ്ങൾ കണ്ടുപിടിക്കാനായി അബീഷിന്റേയും അനീഷിന്റേയും സഹായവും കിട്ടി. അവർ എന്റെ വലത്തും ഇടത്തുമായി നിന്ന് ആവശ്യമുള്ള അക്ഷരങ്ങൾ ചൂണ്ടി കാണിക്കും. അങ്ങനെ ടൈപ്പിംഗ് പുരോഗമിച്ചു. ഏതാനും ആഴ്ച കൊണ്ട് ഓരോ അക്ഷരവും എവിടെയൊക്കെയാണെന്നു മനസ്സിലായി. ഏറെ താമസിയാതെ തെറ്റുകൂടാതെ ടൈപ്പ് ചെയ്യാമെന്ന നിലയിലെത്തി. പക്ഷേ വലതു കൈയ്യിലെ ചൂണ്ടുവിരൽ മാത്രം ഉപയോഗിച്ചുളള പരിപാടിയായിരുന്നു ഇത്. ഇന്നും ഞാൻ ടൈപ്പു ചെയ്യുന്നത് ഒറ്റവിരൽ മാത്രം ഉപയോഗിച്ചാണ്. ഏകദേശം മുപ്പതു വാക്ക് സ്പീഡിൽ ടൈപ്പുചെയ്യാൻ സാധിക്കും.

ഒരു സൈക്ലോസ്റ്റയിലിംഗ് മെഷീൻ കിട്ടിയിരുന്നെങ്കിൽ ചോദ്യപേപ്പർ നിർമ്മാണം എളുപ്പമാക്കാമായിരുന്നു എന്ന അഭിപ്രായം ഞാൻ ബോർഡ് മീറ്റിംഗിൽ അവതരിച്ചു. പദ്ധതി നല്ലതെങ്കിലും പണമില്ല എന്ന കാരണത്താൽ തൽക്കാലം നടപ്പിലാകയില്ല എന്ന മറുപടിയാണ് കിട്ടിയത്. വെറും 80 രൂപയ്ക്ക് ഒരു മെഷീൻ ഒരിടത്തു നിന്നും ലഭിക്കുമെന്ന് കേട്ടപ്പോൾ ഈ ആവശ്യം ഞാൻ ബോർഡിൽ വീണ്ടും അവതരിപ്പിച്ചു. സാധാരണ മെഷീന്റെ മോഡലിലുള്ളതല്ല. മാത്രമല്ല, തടകൊണ്ടുണ്ടാക്കിയതാണു താനും. എങ്കിലും നന്നായി പ്രവർത്തിക്കും. സ്പീഡു കുറവാണെന്നേയുള്ളു. ചുരുക്കിപ്പറയട്ടെ, ആ മെഷിൻ ഞങ്ങൾ വാങ്ങിച്ചു. അതോടെ ചോദ്യം പരീക്ഷയ്ക്ക് എഴുതിക്കൊടുക്കുന്ന പണി നിർത്തി. ഞാൻ തന്നെ ടൈപ്പ് ചെയ്ത് സൈക്ലോസ്റ്റയിൽ ചെയ്യും.

ഒരു മൊട്ടക്കിളവനെപ്പറ്റി പറഞ്ഞിരുന്നല്ലോ. അദ്ദേഹം ഒരു സകല കലാവല്ലഭനാണ്. ആശാരി, കൊല്ലൻ തുടങ്ങിയവർ ചെയ്യുന്ന പണികളെല്ലാം ചെയ്യും. നമ്മുടെ നാട്ടിലുള്ളതുപോലെ ആശാരി, കൊല്ലൻ, കല്പണിക്കാരൻ തുടങ്ങിയവരൊന്നും നാഗന്മാർക്കിടയിലില്ല. എല്ലാവർക്കും എല്ലാപ്പണിയും അറിയാം. പക്ഷേ പ്രസ്തുത മൊട്ടക്കിളവൻ ഇത്തരം പണികളിലെല്ലാം അതീവ നിപുണനനാണ്. സ്കൂൾവക സൈക്ലോസ്റ്റയിലിംഗ് മെഷീൻ അദ്ദേഹം പരിശോധിച്ചു. അതിന്റെ പ്രവർത്തനമെങ്ങനെയെന്നു മനസ്സിലാക്കി. ഏറെ താമസിയാതെ മെഷീൻ നിർമ്മാണവും ആരംഭിച്ചു. കെട്ടിലും മട്ടിലും പല പരിഷ്ക്കാരങ്ങളും വരുത്തി. അതിനനുസരിച്ച് വിലയും കൂട്ടി. ഏറ്റവും കുറഞ്ഞവില 300 രൂപയായിരുന്നു. 1000 രൂപയ്ക്കുള്ള മെഷീനും ഉണ്ടായിരുന്നു. പലരും ഇത്തരം മെഷീനുകൾ വാങ്ങുകയും ഉപയോഗിക്കയും ചെയ്തുവന്നു.

പരീക്ഷയോടുള്ള ബന്ധത്തിൽ ഞാൻ ഒരിക്കൽ ഒരു പരീക്ഷയിൽ അകപ്പെടുകയുണ്ടായി. സംഭവം ചുരുക്കി പറയാം. ഒന്നാം ടേം അവസാനിക്കുന്നതിനോടു ബന്ധപ്പെട്ട പരീക്ഷയാണ്. ഹെഡ് മാസ്റ്ററെന്ന നിലയ്ക്കു ഞാൻ ക്ലാസുകളിലൂടെ ചുറ്റിനടക്കുന്നു. ഒരു പെൺകുട്ടിയുടെ ചേദ്യക്കടലാസിൽ ചെറിയ ഒരു പാരഗ്രാഫ് കറുത്തമഷികൊണ്ട് എഴുതിയിരിക്കുന്നു. ആ പെൺകുട്ടി എഴുതുന്നത് നീല മഷി കൊണ്ടാണ്. ചോദ്യക്കടലാസിലുള്ളത് മറ്റാരോ എഴുതിയതാണെന്നും അത് ഒരു ചോദ്യത്തിന്റെ ഉത്തരമാണെന്നും വ്യക്തം. ആ പെൺകുട്ടിയുടെ പേര് റെമിയെന്നാണെന്നും അത് എഴുതികൊടുത്തത് മൊഞ്ചാൻ എന്നൊരു ആൺകുട്ടിയാണെന്നും അന്വേഷണത്തിൽ നിന്നും മനസ്സിലായി. മേരിയെന്നൊരു കുട്ടിയെഴുതിയിട്ട് റെമിക്കു കൊടുത്തതാണ്. അങ്ങനെ ഈ കേസിൽ മൂന്നു പ്രതികളുണ്ട് എന്നു കണ്ടുപിടിച്ചു. മൂന്നു പേരുടേയും പേപ്പറിൽ പൂജ്യം മാർക്കിട്ടിട്ട് ഇറക്കിവിട്ടു. അതാണ് അവിടെ നടപ്പുള്ള ശിക്ഷ.

ഇവർക്ക് തുടർന്നുള്ള പരീക്ഷകൾ എഴുതുന്നതിന് അനുവാദമുണ്ടായിരുന്നു. മറ്റ് കുഴപ്പങ്ങളൊന്നും കൂടാതെ പരീക്ഷകൾ എല്ലാം കഴിഞ്ഞു. രണ്ടാഴ്ചകഴിഞ്ഞ് റിസൾട്ടും കൊടുത്തു. ഒരു ദിവസം ഞാൻ ഓഫീസിലിരുന്ന് എന്തോ എഴുതികൊണ്ടിരിക്കുമ്പോൾ ഒരാൾ അവിടെ കയറിവന്നു. ആൾ നന്നായി മദ്യപിച്ചിട്ടുണ്ടായിരുന്നു. പ്രോഗ്രസ് കാർഡ് എടുത്ത് മേശപ്പുറത്തു വെച്ചിട്ട് അയാൾ തന്നത്താൻ പരിചയപ്പെടുത്തി. റെമിയുടെ അപ്പനാണ് വന്നിരിക്കുന്നത്. അവൾ എന്താണ് ഒരു വിഷയത്തിന് പൂജ്യം മാർക്ക് കിട്ടിയതെന്നറിയണം.

ഞാൻ നടന്ന സംഭവമെല്ലാം വിശദീകരിച്ചു. പക്ഷെ അയാൾക്കു തൃപ്തിയായില്ല. റെമിക്കു പത്തു മാർക്കെങ്കിലും കൊടുത്തേ മതിയാകു എന്നതാണ് അയാളുടെ ആവശ്യം. ഞാൻ സ്കൂൾ നിയമങ്ങൾ വിശദീകരിച്ചെങ്കിലും അയാൾ അടങ്ങിയില്ല. മാർക്ക് കൊടുക്കാൻ സാദ്ധ്യമല്ലെങ്കിൽ കുട്ടിയുടെ T.C കൊടുക്കണമെന്നായി അയാൾ. എനിക്കു കുട്ടികളുടെ T.C മാനേജിംഗ് ബോർഡിന്റെ അനുമതി കൂടാതെ കൊടുക്കാൻ അധികാരമില്ലെന്ന ധാരണയിലാണ് ഇത്തരമൊരാവശ്യം അയാൾ ഉന്നയിച്ചത്. ഞാൻ ഉടൻ തന്നെ T.C യെഴുതി അയാളുടെ കൈയ്യിൽ കൊടുത്തു. കാര്യം കുഴപ്പമായെന്ന് ബോദ്ധ്യമായതോടെ അയാളുടെ രൂപം മാറി. കുറച്ചധികം അസഭ്യം പറഞ്ഞിട്ട് എന്നെ പിന്നെ കണ്ടോളാമെന്ന് പറഞ്ഞ് അയാൾ ഇറങ്ങിപ്പോയി. T.C കൊണ്ടുപോയതുമില്ല.

അന്നു വൈകിട്ട് ഞാൻ ബോർഡ് മീറ്റിംഗ് വിളിച്ചുകൂട്ടി. നടന്നതെല്ലാം വിവരിച്ചു പറഞ്ഞു. എന്തു നടപടിയെടുക്കണമെന്ന് ബോർഡംഗങ്ങൾ എന്നോടാരാഞ്ഞു. റെമിക്കു കൊടുത്ത T.C അംഗീകരിക്കണമെന്നും അയാളുടെ മറ്റു നാലു കുട്ടികളെ അയാൾ ക്ഷമപറയും വരെ സ്കൂളിൽ പ്രവേശിപ്പിക്കരുതെന്നും ഞാൻ നിർദേശിച്ചു. മറ്റു നാലു കുട്ടികളും തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിലും അവരുടെ കാര്യങ്ങളെന്തെങ്കിലും പറഞ്ഞ് വീണ്ടും അയാൾ പ്രശ്നമുണ്ടാക്കുന്നത് ഒഴിവാക്കാനാണ് ഇത്തരമൊരു നടപടി. മാത്രമല്ല, റെമിക്കു T.C കൊടുത്തതു പോലും അയാൾ ആവശ്യപ്പെട്ടതുകൊണ്ടാണല്ലോ. എന്റെ അഭിപ്രായത്തോട് ബോർഡംഗങ്ങളെല്ലാം യോജിച്ചു. തീരുമാനം അയാളെ അന്നു തന്നെ അറിയിക്കുയും ചെയ്തു.

പിറ്റേ ദിവസം മുതൽ ആ കുട്ടികൾ സ്കൂളിൽ വരാതായി. ഞാൻ സ്കൂളിലേയ്ക്കു പോകുന്നതും മടങ്ങിവരുന്നതും അയാളുടെ വീടീനു മുൻപിലൂടെയാണ്. മിക്ക ദിവസവും അയാൾ മുറ്റത്തിരുന്ന് മദ്യപിക്കുന്നുണ്ടാകും. എന്നെ ഭയപ്പെടുത്താനായി ഉഗ്രമായി മൂളുകയും മറ്റും ചെയ്യുകയും പതിവായിരുന്നു. എന്നാൽ ഞാൻ ഇതുകൊണ്ടൊന്നും കുലുങ്ങുകയില്ല എന്ന് ഉറപ്പായതോടെ അടവൊന്നു മാറ്റി. അയാൾ എത്രമാത്രം ഭീകരനാണെന്നും അയാളോടെതിർത്തവരോടെല്ലാം എങ്ങനെ പകരം വീട്ടിയെന്നും മറ്റുമുള്ള ഒട്ടേറെ കഥകൾ പലരെയും വിട്ട് എന്നോടു പറയിച്ചു. എന്നാൽ ഇതുകൊണ്ടും ഞാൻ പതറുകയില്ലെന്ന് ഏറെത്താമസിയാതെ അയാൾക്ക് ബോധ്യമായി.

ആ പ്രദേശത്തെ E.A.C (തഹസീൽദാരുടേയും ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെയും അധികാരമുള്ള ഉദ്യോഗസ്ഥൻ) ഒരു സഹപാഠിയായിരുന്നു. അതു കൊണ്ട് ആ വഴിക്കായി പിന്നത്തെ ശ്രമം. റെമി തന്റെ അടുത്തിരുന്ന ഒരു കുട്ടിയെ പരീക്ഷയ്ക്കു സഹായിച്ചു എന്ന കുറ്റത്തിന് അവളെയും നാലു സഹോദരങ്ങളേയും ഹെഡ് മാസ്റ്ററായ ഞാൻ സ്കൂളിൽ നിന്നും പുറത്താക്കിയെന്നാരോപിച്ച് അയാളള്‍ E.A.C. യ്ക്ക് കേസ് കൊടുത്തു. ചില ദിവസങ്ങൽക്കുശേഷം E.A.C അയാളുടെ വീട്ടിലെത്തി. എന്നെ അവിടെയ്ക്കു വിളിപ്പിച്ചു. ഞാൻ ചെല്ലുമ്പോൾ അയാൾ മധു (മധു എന്താണെന്ന് പിന്നാലെ വിശദീകരിക്കുന്നതാണ്) കുടിച്ചുകൊണ്ടിരിക്കുകയായിരുന്നു. വ്യാജ മദ്യം കുടിച്ചുകൊണ്ട് കേസ് വിചാരണ ചെയ്യുന്ന മജിസ്ട്രേട്ടിനേ നാഗലാന്റിലല്ലാതെ കാണാനാവുമെന്നു തോന്നുന്നില്ല.

അയാളെന്നോട് നടന്നതെല്ലാം വിവരിക്കാൻ അവശ്യപ്പെട്ടു. ഞാൻ സംഭവം വ്യക്തമായി പറഞ്ഞു. ന്യായം എന്റെ ഭാഗത്താണെന്ന് E.A.C യ്ക്ക് ബോധ്യമായി. പക്ഷെ കൂട്ടുകാരനെ സഹായിച്ചേ മതിയാകു. അതുകൊണ്ട് വല്ലവിധേനയും എന്നെ ഭയപ്പെടുത്തി സമ്മതിപ്പിക്കാനായി ശ്രമം.

“ എനിക്ക് നിങ്ങളുടെ സ്കൂൾ പൂട്ടാൻ പോലും അധികാരമുണ്ടെന്നറിയാമോ?’’ അയാൾ ഗൗരവത്തിൽ ചോദിച്ചു.

”അറിയാം.” ഞാൻ പറഞ്ഞു. “പക്ഷേ മേൽക്കോടതിയിൽ നിന്നും ഉത്തരവുവാങ്ങി ഞങ്ങൾക്ക് സ്കൂൾ തുറക്കാനും അവകാശമുണ്ട്.“

എന്തു മറുപടിയാണ് ഇതിനു പറയാൻ കഴിയുക? വിദേശിയായ ഞാൻ E.A.Cയെ കാണുമ്പോൾ വിറച്ചു പോകുമെന്നും അങ്ങനെ പ്രശ്നം നിസ്സാരമായി തീരുമെന്നുമാണ് ഇവർ കരുതിയിരുന്നത്. പക്ഷേ അവരുടെ ധാരണ തെറ്റാണെന്നവർക്കു ബോധ്യമായി. എങ്കിലും ”നിങ്ങളുടെ സ്കൂൾ ഞാൻ പൂട്ടും” എന്നു പറഞ്ഞിട്ട് എന്നെ തിരികെ അയയ്ക്കുകമാത്രമാണ് ചെയ്തത്.

സ്കൂൾ പൂട്ടിയില്ല. മാത്രമല്ല ആ കേസിനേക്കുറിച്ച് പിന്നീടൊന്നും കേട്ടതുമില്ല. അങ്ങനെ ആ സ്കൂൾ വർഷം കടന്നു പോയി. കുട്ടികൾ പുറത്തുതന്നെ. പിറ്റേ സ്കൂൾ വർഷമാരംഭിച്ചു. അഡ്മിഷൻ തീരാറായപ്പോൾ എനിയ്ക്കൊരു കത്തുകിട്ടി. കഴിഞ്ഞതെല്ലാം ക്ഷമിക്കണമെന്ന അപേക്ഷയായിരുന്നു അതിലുണ്ടായിരുന്നത്. അങ്ങനെ പ്രശ്നം തീർന്നു. മുൻതീരുമാനം അനുസരിച്ച് റെമിക്ക് റ്റി.സി. കൊടുത്തു. മറ്റു കുട്ടികൾക്ക് അഡ്മിഷനും കൊടുത്തു.

1986–ഡിസംബർ അദ്യ ആഴ്ചയിൽ എന്റെ അനുജനും കൂട്ടുകാരും നാട്ടിൽ പോയി. അവരോടൊപ്പം അമ്മയും തിരികെ പോയി. എന്റെ സഹോദരിയേയും കുട്ടികളേയും കാണാത്തതിലുള്ള വിഷമംകൊണ്ടാണ് അമ്മ പോയത്. അങ്ങനെ ഞങ്ങൾ വീണ്ടും തനിച്ചായി.

# പരിശുദ്ധാത്മാവിനെ കച്ചവടം ചെയ്യുന്നത് മതിയാക്കുക

k¦oÀ¯\w ssZzhmcnI bpsS s^{_phcn 27 e¡¯nÂ Im\w A¨³ FgpXnb teJ\amWnXv. kar²nbpsS kphntijw Ac§p XIÀ¡p¶ Cu kab¯v Cu teJ\w XnI¨pw {]kàamWv. AXp sIm-v Cu teJ\w Uns^³UdnÂ {]kn²oIcn¡p¶p.

ദാഹിക്കുന്ന മനുഷ്യന് ദാഹശമനത്തിന് പാനീയം ആവശ്യമാണ്. അല്ലെങ്കിൽ ദാഹപാരവശ്യത്താൽ അവൻ മരിപ്പാൻ ഇടയാകും. എന്നാൽ ലഭിച്ച പാനീയത്തിൽ വിഷം കലർന്നിട്ടുണ്ടെങ്കിൽ തൽക്കാലം ദാഹശമനം തോന്നിയേക്കാം, എങ്കിലും മരണമായിരിക്കും തുടർന്നുള്ള ഫലം. മനുഷ്യന് അത്മസൗഖ്യവും, ആത്മരക്ഷയും അത്യവശ്യമാണ്. എന്നാൽ അതിൽ വ്യാജം കലർന്നാൽ മറ്റൊരു അനർത്ഥമായി തീരും. വിശുദ്ധ ബൈബിളിൽ ഇതു തെളിയിക്കുന്ന വേണ്ടുവോളം സന്ദർഭങ്ങൾ ഉണ്ട്. ക്ഷാമകാലത്ത് പ്രവാചക ശിഷ്യന്മാർ ഒന്നിച്ച് ജീവിക്കുമ്പോൾ ഒരു സംഭവം ഉണ്ടായി. വിശപ്പടക്കാൻ കണ്ണിൽ കണ്ടതെല്ലാം പറിച്ചെടുത്ത് കലത്തിൽ ഇട്ടു പായസം ഉണ്ടാക്കാൻ ശ്രമിച്ചു. ശ്രദ്ധിക്കാതെ ഒരു പേച്ചുരയും (ഒരു വിഷച്ചെടി) പറിച്ചു കലത്തിൽ ഇട്ടു. കുടിച്ചവർക്ക് മാരകമായ അസ്വസ്ഥതയുണ്ടായി. ഏലീശ എന്ന ദിവ്യപുരുഷൻ അവിടെ ഉണ്ടായിരുന്നു. ''ദൈവപുരുഷാ, കലത്തിൽ മരണം'' എന്നവർ മുറവിളികൂട്ടി. ചുരുക്കി പറഞ്ഞാൽ ദൈവ പുരുഷൻ തന്റെ ദിവ്യശക്തിയാൽ ആ വിഷബാധ മാറ്റിയതു കൊണ്ട് ശിഷ്യന്മാർ രക്ഷപ്പെട്ടു. ഈ സംഭവം ഓർക്കുമ്പോൾ ഇന്നത്തെ ആത്മീയ ഗോളത്തിലെ പല ക്രമക്കേടുകളും അതു വിളിച്ചറിയിക്കുന്നതായി ചിന്തയിൽ വരാറുണ്ട്. വിശപ്പു തീർക്കാൻ ഒരുക്കിയ ഭക്ഷണത്തിൽ വിഷം കലർന്നാൽ മരണം ഉണ്ടാകും. പക്ഷേ അത് ഭൗതിക മരണമാണ്. എന്നാൽ ആത്മീയ ഭക്ഷണത്തിൽ വിഷം കലർന്നാൽ അത്മമരണമുണ്ടാകും. ഇത് നമ്മിൽ എത്ര പേർക്ക് തിരിച്ചറിയാം.

ബൈബിൾ നല്ല പാഠമാണ് നൽകുന്നത്. ദൈവത്തിന്റെ പറുദീസയിൽ സാത്താൻ ഒളിച്ചു കടന്നു. മനുഷ്യനെ വശീകരിച്ച് നല്ല വാഗ്ദാനം ഉയർത്തിപ്പിടിച്ച് ദൈവത്തെപോലെ ആക്കാം എന്നു പറഞ്ഞു. പക്ഷേ അതിനുള്ള വഴി ഘടക വിരുദ്ധമാണ്. ദൈവകല്പന ലംഘിക്കണം. ബുദ്ധിയില്ലാത്ത മനുഷ്യൻ ലേബൽ മാത്രം വായിച്ച് ഉള്ളടക്കം ശ്രദ്ധിക്കാതെ ചാടിപ്പുറപ്പെട്ടു. ഒടുവിൽ ലജ്ജിച്ച് ദു:ഖിച്ച് ദൈവസാന്നിദ്ധ്യവും, പറുദീസയും ഒക്കെ നഷ്ടമായി നാശഭൂമിയിലേക്ക് ഇറങ്ങിപ്പോയി. ഇത് ഒരു ഒറ്റപ്പെട്ട കഥയല്ല, മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ കഥയാണ്.

ഏദനിലെ ദുരന്തകഥ, വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നു. ലോത്ത് ഇത് ആവർത്തിച്ചു. സമൃദ്ധി നോക്കി സോദോം തിരഞ്ഞെടുത്തു. പാപത്തിന്റെ വിളയാട്ടമുള്ള ആ സ്ഥലത്ത് അവൻ ചെന്ന് ചാടി. ഇന്നു പലരും ആത്മീകം പറഞ്ഞ് ഇറങ്ങി തിരിക്കാറുണ്ട്. പക്ഷേ ചെന്ന് ചാടുന്നത് സോദോമിലാണ്. എല്ലാം നശിച്ച് ഒടുവിൽ ജീവനും കൊണ്ട് പരക്കം പായേണ്ടിവരുന്നു. ദൈവത്തിന്റെ വീര്യപ്രവൃത്തികൾ അനുഭവിച്ച യിസ്രായേൽ ജനം മരുഭൂമിയിൽ പാപം ചെയ്തു. കനാൻ നാട്ടിൽ എത്തിയ ശേഷം ജാതികളുടെ വഴി പഠിച്ചു. അന്യദേവന്മാരെ ആരാധിച്ചു. ഒടുവിൽ ബാബിലോൺ ആക്രമണത്തിന് ഇരയായിതീർന്നു. വ്യക്തികളെ എടുത്താലും ഇതു തന്നെ അനുഭവം. ആട് തീറ്റി നടന്ന ദാവീദിന് രാജത്വം കിട്ടി മാളിത്തട്ടിൽ കയറിയപ്പോൾ അത് പാപം ചെയ്യുവാനുള്ള അവസരമായി മാറി. മനുഷ്യൻ എന്നും ഒരു അല്പനാണ്. ശലോമോന് ജ്ഞാനവും ധനവുമെല്ലാം ദൈവം നൽകി. പലരെയും ഉപദേശിച്ച മനുഷ്യൻ ഒടുവിൽ ജഡമോഹിയും വിഗ്രഹാരാധിയുമായി നട്ടം തിരിഞ്ഞു. ഹ! എന്തു കഷ്ടം.

യിസ്രായേൽ ജനം തങ്ങളുടെ പ്രമാണം ശരിക്ക് ഗ്രഹിച്ച് വിശുദ്ധിയിൽ ജീവിക്കാതെ പോയതിനാൽ ജാതികളെപ്പോലെയായി. അവരുടെ രക്ഷകൻ അവരെ തേടി വന്നപ്പോൾ അവർ അവനെ തള്ളിക്കളഞ്ഞു. ദൈവാലയത്തിൽ നിന്ന് അവനെ പുറത്താക്കി. ഹന്നാസും, കയ്യഫാവും കൂട്ട് നിന്ന് യേശുവിനെ ക്രൂശിച്ചു. ആത്മീയ ഭാഷയിൽ പറഞ്ഞാൽ ഇന്നത്തെ ആത്മീയ ഗോളം പൊതുവെ കർത്താവിനെ പുറത്താക്കിയിരിക്കുകയാണ്. യേശു കല്പിച്ചതൊക്കെയും വിട്ടുകളഞ്ഞ് തങ്ങളുടെ കൗൺസിൽ പാസാക്കിയതൊക്കെ നടപ്പിലാക്കുകയാണ്.

യേശു ലളിതവും കഷ്ടത നിറഞ്ഞതുമായ ഒരു ജീവിതമാർഗ്ഗമാണ് നയിച്ചതും നമുക്കായി കാട്ടിത്തന്നതും. എന്നാൽ സാത്താൻ അത് ആഡംബര മാർഗ്ഗമാക്കി. യേശുവിനെ യേശു എന്നും പൌലോസിനെ പൌലോസ് എന്നും നാം ഇന്നു വിളിക്കുന്നു. എന്നാൽ പിൻഗാമിത്വം അവകാശപ്പെടുന്ന വ്യക്തികളുടെ വിശേഷണങ്ങൾ പറഞ്ഞു തീർക്കാൻ സമയം മതിയാകുന്നില്ല. എഴുതിതീർക്കാൻ സമയപരിമിതി അനുവദിക്കുന്നില്ല. എന്തു കഷ്ടം. ക്രിസ്തുമാർഗ്ഗം ഇവരെല്ലാം കൂടി ക്രിസ്തുമതമാക്കി മാറ്റി. കൊട്ടും വെടിയും ദീപക്കാഴ്ചയും എന്നുവേണ്ട ലോകം മുഴുവൻ ഇതിനുള്ളിൽ കടത്തി. പത്രോസിന്റെ പിൻഗാമി എന്ന് ഭാവിക്കുന്ന പോപ്പിന്റെ ഒരു കിരീടത്തിന് 3 കോടിയോളം പവൻ വിലമതിക്കും എന്ന് വായിച്ചതായി ഓർക്കുന്നു. അതുകൊണ്ട് ആയിരിക്കുമല്ലോ പൊന്നു തിരുമേനി എന്നു വിളിക്കുന്നത്. യേശുവിന്റെയും വിശുദ്ധ മറിയാമ്മയുടെയും പുണ്യവാന്മാരുടെയും മാലാഖമാരുടെയും രൂപങ്ങൾ കൊണ്ട് പള്ളി നിറച്ചിരിക്കുകയാണ്. അതു മാത്രമല്ല സർപ്പങ്ങളുടെയും പിശാചുക്കളുടെയും രൂപങ്ങൾ വരെ ചില പള്ളികളിൽ ഉണ്ട്. തർക്കമുള്ളവരുണ്ടെങ്കിൽ കാണിച്ചുകൊടുക്കാം. പട്ടത്ത സഭകൾ മൊത്തം പരാജയപ്പെട്ടിരിക്കുകയാണ്. നവീകരണം തള്ളികളഞ്ഞ് ആംഗ്ലിക്കൻ സഭയും മാർത്തോമ്മാ സഭയും ബാവാ കക്ഷിയും മെത്രാൻ കക്ഷിയും എല്ലാം പോപ്പിനോട് ചേരുവാൻ ധൃതി കൂട്ടുകയാണ് . അങ്ങനെ ഉപദേശത്തിന്റെ പായസകലത്തിൽ പേച്ചൂരയുടെ അളവ് വർദ്ധിക്കുകയും ആത്മീക മരണം പെരുകുകയും ചെയ്തു. അളവു തെറ്റിയാൽ ആകെ തെറ്റുമല്ലോ.

വേർപ്പെട്ട ദൈവജനത്തിന്റെ സ്ഥിതി വളരെ കഷ്ടമായിത്തീർന്നിരിക്കുകയാണ്. ഉപദേശ വിശുദ്ധിയും ജീവിതവിശുദ്ധിയും, വചനപ്രകാരം സൂക്ഷിക്കുന്ന അല്പജനം അവിടവിടെയായി ഉണ്ട്. അവരാണ് സഭ. അവരെ ചേർക്കാൻ യേശു വരുകയും ചെയ്യും. അതിൽ എനിക്ക് സംശയവുമില്ല. ഭൂരിപക്ഷവും സാത്താന്റെ പിടിയിൽ. ഇതിൽ ദു:ഖിക്കുകയല്ലാതെ എന്തു ചെയ്‌വു. ആദാമിനെ ചതിച്ച സാത്താൻ കർത്താവിന്റെ സാന്നിദ്ധ്യത്തിലും വേഷം ഇറക്കി. തന്നെ നമസ്ക്കരിച്ചാൽ ലോകത്തിന്റെ മഹത്വം മുഴുവൻ കൊടുക്കാം എന്നുപറഞ്ഞു. ഈ വലയിലാണ് ഇന്ന് വേർപ്പെട്ട ജനത്തിൽ ഭൂരിപക്ഷവും വീണുകൊണ്ടിരിക്കുന്നത്. മഹത്വമാണ് അവരുടെ ലക്ഷ്യം. ദൈവീക മഹത്വമല്ല, ലൗകീക മഹത്വം, തുറന്നു പറഞ്ഞാൽ ഭൗതികം.

എനിക്ക് ലജ്ജ തോന്നാറുണ്ട്, മുൾമുടി ചൂടി മരിച്ചവന്റെ പേരിൽ പൊൻമുടി ചൂടി നടക്കുന്ന തിരുമേനിമാരെ കാണുമ്പോൾ.

ഇന്ന് മുക്കിന് മുക്കിന് ബൈബിൾ കോളേജ്, മുട്ടിന് മുട്ടിന് കൺവൻഷൻ തട്ടിപ്പ്. അങ്ങനെ ആത്മികം പൊടിപൊടിക്കുകയാണ്. ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ച സ്ഥാനത്ത് ഇന്ന് സ്നേഹത്തിന് ഗ്രീക്ക് മൂലഭാഷ തപ്പി നടക്കുകയാണ്. 11 മണിവരെ ദൈവസഭയിൽ പാസ്റ്ററായിരിക്കുന്ന ഒരാളെ അറിയാം. വ്യക്തിപരമായി ആളിനോട് സ്നേഹമാണ്. എന്നാൽ 11 മുതൽ മറ്റൊരു സംഘടനയിൽ താൻ സ്വർണ്ണമോതിരം ഇട്ട ഡോക്ടർ ആണ്. ഈ പന്തികേട് ആരും ചോദ്യം ചെയ്യുന്നില്ല. വഞ്ചിക്കപ്പെടുന്നത് ജനത്തിന് ഒരു കളിയാണ്. അങ്ങനെ പേച്ചൂരയുടെ എണ്ണം വർദ്ധിക്കുകയാണ്.

സുവിശഷയോഗങ്ങൾ തീരെ ഇല്ലാതാകുകയാണ്. തട്ടുപൊളിപ്പൻ ക്രൂസേഡുകൾ വെളിപ്പെടുകയാണ്. നൂറ് കണക്കിന് ഗായകർ വിവിധ ശാസ്ത്രീയ ഉപകരണങ്ങളോടുകൂടി പാടി അത്ഭുതലോകം സൃഷ്ടിക്കുകയാണ്. അതിൽ ചില പാട്ടുകാർ അമ്പലത്തിലും പാടുന്നവരാണ്. കാണുന്ന പേച്ചൂരയെല്ലാം പറിച്ച് ഉപദേശ കലത്തിൽ ഇട്ടു പായസത്തിന്റെ അളവ് കൂട്ടുകയാണ്. സമൃദ്ധിയുടെ സുവിശേഷം ശക്തിപ്പെടുകയാണ്. ആത്മീയ സമൃദ്ധിയല്ല, ദ്രവ്യസമൃദ്ധി. പക്ഷേ അതിനുള്ള രസം പറയാം. നടത്തിപ്പുകാർക്ക് ആണ് സമൃദ്ധി. ഓടിക്കൂടുന്ന ആളുകൾക്ക് ഒരുക്കൂട്ടബഹളവും, ഒരു പൊതി ചോറുമാണ്. ലക്ഷങ്ങൾ പങ്കുവയ്ക്കുന്നത് സ്ഥാപക നേതാക്കൾ ആണ്. ഒരു അനാഥശാലയിലെ കുട്ടികളെ പഠിപ്പിച്ച് മറ്റ് കൺവെൻഷനുകളിൽ അവതരിപ്പിച്ച് പുതിയതായി രക്ഷിക്കപ്പെട്ടവരെന്ന് അവരെ ചിത്രീകരിച്ച് സായിപ്പിനെ സന്തോഷിപ്പിച്ച് അങ്ങനെ ദ്രവ്യലാഭം നേടിയ ഒരു വ്യാജം അടുത്ത ദിവസം നടന്നതായി ചിലർ പറഞ്ഞു. ആദ്യത്തെ അനാഥശാലയ്ക്കും സായിപ്പു തന്നെയാണ് സംഭാവന നൽകിയത്. അങ്ങനെ പാവം സായിപ്പ് ഒരേ കുട്ടികൾക്ക് രണ്ടു പ്രാവശ്യം സഹായം നൽകി. പക്ഷേ, സഹായം കുട്ടികൾക്കല്ല ലഭിച്ചത്. എന്ന് ഓർക്കണം. കലത്തിൽ പേച്ചൂര വീണാൽ ഇത്രമാത്രമാകുമോ എന്ന് ഞാൻ ചിന്തിച്ചു പോകയാണ്. മനുഷ്യന്റെ നാവു കൊണ്ട് വർണ്ണിക്കാൻ കഴിയാത്ത വിധ ത്തിൽ ദൈവത്തിന്റെ ഉപദേശം മറിച്ച് സുവിശേഷത്തെ ആദായമാർഗ്ഗമാക്കി മാറ്റുമ്പോൾ ദൈവം എത്രനാൾ മൗനമായിരിക്കും. നമുക്ക് കാത്തിരിക്കാം.

ഇന്നലെ വരെ എളിയ സുവിശേഷകനായി വേഷത്തിലും, പേരിലും, ഭാവത്തിലും, ഏഴകളിൽ ഏഴയായി നടിച്ച ചില വ്യക്തികൾ ഇന്ന് പത്രത്തിന്റെ പേജുകളിൽ നിറയുകയാണ്. ഇംഗ്ലീഷിൽ മോസ്റ്റ് എന്ന പദത്തേക്കാൾ കൂടിയ പദം ഇല്ലാത്തതുകൊണ്ട് മോസ്റ്റ് റവ എന്നതിൽ അവർ തങ്ങിനിൽക്കുകയാണ്. ഗവൺമെന്റ് പോലും കൈകാര്യംചെയ്യുന്നതിൽ കൂടുതൽ പണം സ്വന്തം പേരിൽ നിക്ഷേപിക്കുകയാണ്. പേരിന് കുറയൊക്കെ നന്മകൾ ചെയ്യുകയും ചെയ്യും. ഉപദേശം മറിക്കും. അങ്ങനെ അവരും ഉപദേശകലത്തിൽ പേച്ചൂര വ്യപിപ്പിക്കുകയാണ്. ദുരിതാശ്വാസത്തെക്കുറിച്ച് ഒരു കാർട്ടൂൺ കണ്ടു. എനിക്ക് നന്നായി ബോധിച്ചു. പിരിവുകാർ പിരിവു കഴിഞ്ഞ് തമ്മിൽ അടക്കം പറയുകയാണ്. അവർക്ക് ദുരിതം വന്നത് നമുക്ക് ആശ്വാസമായി എന്ന്. അർത്ഥം മനസ്സിലായല്ലോ. ഒരു വശത്ത് ഉപദേശം ആകെ മറിക്കുന്നു. സുവിശേഷകൻ മഹാപുരോഹിതനായി മാറുന്നു. മറുവശത്ത് ഉപദേശം ക്രമമായി നൽകി ജനത്തെ സഭയായി വളർത്തിയെടുക്കാതെ, കമ്യൂണിസ്റ്റുകാർ മുദ്രാവാക്യങ്ങൾ വിളിച്ചു പറഞ്ഞ് അണികളുടെ കാൽ ഇളക്കുന്നതുപോലെ കൂട്ടബഹളം ഉണ്ടാക്കി പറഞ്ഞുവിടുന്നു. ഒരു നല്ല ബിസിനസ്സുകൊണ്ടുപോലും ലഭിക്കാത്ത വമ്പിച്ച ദ്രവ്യലാഭം പങ്കുവെച്ച് നേതാക്കൻമാർ കണ്ണിറുക്കി കള്ളച്ചിരി ചിരിച്ച് ദൈവത്തേയും ജനത്തേയും സഭയേയും കബളിപ്പിച്ചതിൽ കൃതാർത്ഥരായി കഴിഞ്ഞുകൂടുന്നു. പച്ച മരക്കുരിശ് തോളിലേന്തി പരിഹാസങ്ങളുടേയും കൂക്കൂവിളികളുടേയും ബഹളത്തിൽ കാൽവറിയിലേക്ക് നടന്നു പോയവന്റെ നാമം വെറുതെ മുതലെടുത്തുകൊണ്ട് പരിശുദ്ധാത്മാവിനെ പണലാഭത്തിനുള്ള പുകമറയാക്കിത്തീർക്കുന്നു. എയർ കണ്ടീഷൻ ജീവിത നിലവാരം നയിക്കുന്ന പ്രിയ സ്നേഹിതൻമാരേ, നിങ്ങൾ ഇതു വായിച്ച് കാലുഷ്യപ്പെടാതെ ആത്മശോധന ചെയ്യുവാൻ ശ്രമിക്കണം. കർത്താവിന്റെ സത്യ ഉപദേശത്തിലേക്ക് മടങ്ങി വരണം. ജനത്തെ സത്യത്തിലേക്ക് നടത്തണം.

പുരയിടങ്ങളോ ബംഗ്ലാവുകളോ കോടിക്കണക്കിന് പണമോ നിങ്ങൾ സ്വന്തമാക്കിയാലും ഇടുങ്ങിയ ഒരു ശവക്കുഴിയും ഒതുങ്ങിയ ഒരു ശവപ്പെട്ടിയും മുമ്പിലുണ്ട് എന്നുള്ളത് മറക്കാതിരുന്നാൽ നന്ന്. സാത്താൻ നിങ്ങളെ നശിപ്പിക്കരുത്. നിത്യത നിങ്ങൾ നഷ്ടമാക്കാതിരിക്കട്ടെ. ന്യായാധിപതി വാതിൽക്കൽ എത്തിയിട്ടുണ്ട്. അവന്റെ പാദസ്വനം അതാ കേൾക്കുന്നു. ദൈവം രക്ഷിക്കട്ടെ.